Kandanad
Diocesan
# BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 12, 15 December 2015

എഡിറ്റോറിയൽ

## ശക്തമായ ഒരാഹ്വാനം

**ഈ** മാസം ഒന്നാം തീയതി സബർമതി ആശ്രമത്തിൽ Archives and Research Centre ന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് രാഷ്ട്രപതി പ്രണബ് മുഖർജി ചെയ്ത പ്രസംഗം വളരെ ശ്രദ്ധേയമാണ്. ഈയിടെയായി ഇൻഡ്യയിലാകെ വളർന്നു വരുന്ന അസഹിഷ്ണുതയുടെ പശ്ചാത്തലത്തിലായിരുന്നു അദ്ദേഹത്തിന്റെ ശക്തമായ ഈ പ്രഭാഷണം. പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള “സ്വച്ഛ് ഭാരത് മിഷൻ” നെ പ്രശംസിച്ചുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. “ശുചിത്വമുള്ള ഇൻഡ്യ ഏറ്റം അഭികാമ്യമാണ്. എന്നാൽ മനസ്സിന്റെ ശുചിത്വമാണ് ഇൻഡ്യക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് അതിലേറെ പ്രസക്തം. ഇവിടത്തെ ഏറ്റവും അപകടകരമായ മാലിന്യം തെരുവുകളിലെ അഴക്കു ചാലുകളിലല്ല നമ്മുടെ മനസ്സുകളിലാണ്. തൊട്ടുകൂടായ്മയും തോട്ടിപ്പണിയുമെല്ലാം ഈ നാട്ടിൽ അവശേഷിക്കുന്നിടത്തോളം കാലം നമുക്ക് യഥാർത്ഥ ‘സ്വച്ഛ് ഭാരത്’ എന്ന ദൗത്യം നിറവേറ്റാനാവില്ല. എന്നിരുന്നാലും ഗാന്ധിജിയുടെ വിശാലമായ വീക്ഷണപ്രകാരം മനുഷ്യമനസ്സുകളുടെ സമൂല ശുചീകരണത്തിനുള്ള കൂടുതൽ വിപുലവും തീവ്രവുമായ യത്നത്തിന്റെ പ്രാരംഭമായി ഇതിനെ കാണേണ്ടതുണ്ട്.” അദ്ദേഹം തുടർന്നു, “അഭൂതപൂർവ്വമായ അക്രമത്തിന്റെയും അഴിമതിയുടെയും ഞെട്ടിപ്പിക്കുന്ന കഥകളാണ് ഓരോ ദിവസവും പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെയെല്ലാം അന്തർഭാഗത്ത് അന്ധകാരവും വിശ്വാസമില്ലായ്മയും ഭയവുമാണ്. അക്രമരാഹിത്യത്തിന്റെയും ചർച്ചയുടെയും ശക്തി നാം തിരിച്ചറിയണം. ചിന്തയിലും സമീപനത്തിലുമുള്ള വൈവിധ്യത്തെ സമത്വ ഭാവനയോടെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു തുറന്ന സമൂഹം സൃഷ്ടിക്കുവാൻ നാം തയ്യാറാകണം. ഈശ്വര വിശ്വാസമുള്ള ഒരു വ്യക്തിയും മറ്റുള്ള വരുടെ ജീവനെടുക്കാൻ തുനിയുകയില്ല. മറിച്ച് അവരുടെ നന്മയ്ക്കായി ജീവൻ ത്യജിക്കുവാനോ തയ്യാറാവുകയുള്ളു.”

ഒരു സഭാപ്രസിദ്ധീകരണത്തിന്റെ മുഖക്കുറിപ്പെന്ന നിലയിൽ രാഷ്ട്രപതിയുടെ ഈ പ്രസംഗത്തെ മതത്തിന്റെ പരിപ്രേഷ്യത്തിൽ വീക്ഷിക്കുവാനും ഉൾക്കൊള്ളുവാനും ആത്മപരിശോധന നടത്തുവാനുമാണ് ഇവിടെ ശ്രമിക്കുന്നത്. മനസ്സിലെ മാലിന്യങ്ങളെ രാഷ്ട്രപതി പരാമർശിക്കുമ്പോൾ മനഃശുദ്ധീകരണത്തിന്റെയും പരിഷ്കരണത്തിന്റെയും ഔപചാരിക ഏജൻസികളായി പ്രവർത്തിക്കുന്ന-പ്രവർത്തിക്കേണ്ട-മതങ്ങളുടെ ദൗത്യ പരാജയത്തിലേക്കു നീളുന്ന ചൂണ്ടുവിരൽ കാണാതിരിക്കാൻ കഴിയുകയില്ല.

ശാരീരിക ശുചിത്വം ആരോഗ്യസംരക്ഷണത്തിന് ആവശ്യമാണെന്ന് ആർക്കുമറിയാം. എന്നാൽ മാനസിക ശുചിത്വമാണ് ഇൻഡ്യൻ ജനതയ്ക്ക് ഇന്ന് അതിലേറെ ആവശ്യമെന്നാണ് രാഷ്ട്രപതി വിലയിരുത്തുന്നത്. ചുറ്റുപാടുകളിലെ വൃത്തിഹീനത ശാരീരിക രോഗങ്ങൾക്കു കാരണമാകുമ്പോൾ ഹൃദയത്തിലെ അഴുക്കുകൾ മാനസീക-ആത്മീയ അസ്വസ്ഥതകൾക്കാണ് നേരിട്ട് സാഹചര്യം ഒരുക്കുന്നത്. രാജ്യത്ത് വളർന്ന് വ്യാപിക്കുന്ന ആക്രമങ്ങൾ, അഴിമതികൾ, വർഗ്ഗീയ കലാപങ്ങൾ, ഭീകരപ്രവർത്തനങ്ങൾ മുതലായവയെല്ലാം അശുദ്ധമായ മനസ്സിന്റെ വിക്രിയകളാണ്. ഇവയുടെ ഭീകരത പകർച്ച വ്യാധികളെക്കാൾ രാഷ്ട്രത്തിന് അപകടഭീഷണി ഉയർത്തുന്നതായി രാഷ്ട്രപതി കാണുന്നു.

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ശക്തമായ ഒരാഹ്വാനം** ............................... 1

**സൗഖ്യദാന ശുശ്രൂഷ ഒരു സമഗ്ര പദ്ധതി ആകണം** ...................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**SPIRITUAL ASPECTS OF CHILD AND ADOLESCENT MENTAL HEALTH** .................... 5
Fr. Dr. O. Thomas

**നേർവഴി** .............................................................. 8
ഫാ. ജോൺസൺ പുറ്റാനിൽ

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ** ...................................... 10
ഫാ. എബ്രാഹാം കാരാമ്മേൽ

**സ്നേഹവും കഷ്ടതയും** ................................ 13
ഫാ. ജോണി ജോർജ്ജ്, ആലുവ

**വാർത്തകൾ, അറിയിപ്പുകൾ** .................. 16

ചരിത്രാരംഭ കാലം മുതൽ തന്നെ മാനസീക-ആത്മീയ രംഗത്തു പ്രവർത്തിച്ചു വരുന്നവയാണ് മതങ്ങൾ. ഈശ്വരാവതാരങ്ങളായി ആരാധിക്കപ്പെടുന്നവർ തൊട്ട് സാമൂഹ്യ പരിഷ്കർത്താക്കൾ വരെ ഈ മേഖലയിൽ സഹസ്രാബ്ദങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്. താപസരും, തത്വജ്ഞാനികളും, പ്രവാചകരും ആദർശവാദികളുമെല്ലാം പ്രസംഗങ്ങൾ, ലേഖനങ്ങൾ, ഉപദേശങ്ങൾ, മാതൃകകൾ എന്നിവ വഴി മനുഷ്യമനസ്സിന്റെ വഴിപ്പിഴവുകളെ ക്രമപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്നിട്ടും ഇവയ്ക്കൊന്നിനും വേണ്ടത്ര ഫലം പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യന്റെ മനസ്സ് ഇന്നും മലീമസമായി തുടരുന്നു. അതാണ് രാഷ്ട്രപതി സൂചിപ്പിക്കുന്നത്.

മതങ്ങളാണല്ലോ മാനസീക-ആദ്ധ്യാത്മിക രംഗത്ത് പ്രവർത്തിക്കുന്ന ഏറ്റവും ശക്തമായ സ്ഥാപനങ്ങൾ. ആരോഗ്യ രംഗത്ത് വൈദ്യശാസ്ത്രത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്ര നേട്ടം പോലും ആത്മീക-ധാർമ്മിക രംഗത്ത് മതങ്ങൾക്ക് സാധ്യമായിട്ടില്ലെന്നതാണ് അവയുടെ പ്രവർത്തനങ്ങളുടെ ബാക്കി പത്രം. അനേക ശാരീരിക രോഗങ്ങളെ നിർമ്മാർജ്ജനം ചെയ്യാൻ ശാസ്ത്രത്തിനു കഴിഞ്ഞു. എന്നാൽ ഒരു തിന്മയെപ്പോലും തുടച്ചുനീക്കാൻ മതങ്ങൾ വിജയിച്ചിട്ടില്ല.

മനസ്സിന്റെ ശുദ്ധീകരണവും സംസ്കരണവുമാണ് മതങ്ങളുടെ പ്രാഥമിക ലക്ഷ്യ മെങ്കിൽ അക്കാര്യത്തിൽ അവയ്ക്ക് വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞിട്ടില്ലെന്നു വേണം വിലയിരുത്താൻ. ഏതെങ്കിലും ഒരു മതത്തിന് അതിലെ അംഗങ്ങൾ കൊലനടത്തുകയില്ലെന്ന് അവകാശപ്പെടാൻ ആവുമോ? അഴിമതി ചെയ്യില്ലെന്ന് ഉറപ്പു പറയാൻ കഴിയുമോ? വഞ്ചനയും കള്ളവും നിഷേധിക്കുവാൻ സാധിക്കുമോ? ഇവയ്ക്കെല്ലാം 'ഇല്ല' എന്നാണ് ഉത്തരമെങ്കിൽ മതങ്ങളുടെ പ്രവർത്തനങ്ങളെ പുനഃപരിശോധിക്കേണ്ടതുണ്ട്. ഒരു തിന്മയെപ്പോലും അവയ്ക്ക് നിർമ്മാർജ്ജനം ചെയ്യാൻ ആയിട്ടില്ലല്ലോ! ഇത്തരം അഴുക്കുകൾ വർദ്ധിക്കുകയാണ് എന്നു കണ്ടാൽ ആത്മപരിശോധന ആവശ്യവും അടിയന്തരമാവുകയാണ്. ഫലപ്രദമായ പുതിയ സമീപനം മതങ്ങൾ സ്വീകരിച്ചേ പറ്റൂ.

മതങ്ങളെല്ലാം അവയുടെ പ്രാഥമിക ദൗത്യത്തിൽ നിന്ന് ഏറെ അകലെയായിരിക്കുന്നു. ഇന്ന് അവയുടെ അംഗവർദ്ധനവിനും, കെട്ടുറപ്പിനും, ധനസമാഹരണത്തിനും സമ്മർദ്ദശക്തിക്കും പ്രഹരശേഷിക്കുമെല്ലാമാണ് മുൻഗണന. മനുഷ്യമനസ്സിന്റെ ശുദ്ധീകരണത്തിനോ സഹജീവികളുടെ ദുരിത നിവാരണത്തിനോ അല്ല, മനുഷ്യമനസ്സുകളെ നേടുന്നതിനും, പവിത്രീകരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ശ്രമത്തിലേക്ക് തിരിച്ചു വരാതെ അവയ്ക്ക് അവയുടെ ദൗത്യം പൂർത്തീകരിക്കാനാവില്ല, ഇതിന് മതങ്ങളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. രാഷ്ട്രപതിയുടെ ആഹ്വാനം മതങ്ങളുടെ മനസ്സു തുറപ്പിക്കട്ടെ!

എല്ലാവർക്കും കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ ക്രിസ്മസ്-നവവത്സര ആശംസകൾ നേരുന്നു.

**മെത്രാപ്പോലീത്തായുടെ കത്ത്**

# സൗഖ്യദാന ശുശ്രൂഷ ഒരു സമഗ്ര പദ്ധതി ആകണം

കഴിഞ്ഞ മൂന്നുനാല് ദശാബ്ദങ്ങൾക്കുള്ളിൽ മനുഷ്യന്റെ ആയുർദൈർഘ്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ അവന്റെ ആരോഗ്യനിലയും അതിനൊത്ത് ഉയർന്നിട്ടുള്ളതായി ഒരു ധാരണയും പരന്നിട്ടുണ്ട്. ആയുർവർദ്ധന ആധുനിക വൈദ്യശാസ്ത്രത്തിന്റെ സംഭാവനയാണെന്നതിൽ സംശയമില്ല. ശിശുമരണം അപൂർവ്വമായി. പകർച്ചവ്യാധികൾ നിരോധിക്കുന്നതിൽ വിജയിച്ചു. രോഗങ്ങൾ കൃത്യമായി കണ്ടുപിടിക്കുന്നതിനുള്ള ഉപകരണങ്ങൾ പ്രയോഗത്തിലായി. വിദഗ്ദ്ധ പരിശീലനം ലഭിച്ച ഭിഷഗ്വരന്മാരും ആധുനികസജ്ജീകരണങ്ങളോടുകൂടിയ ആശുപത്രികളും നാട്ടിൽ ധാരാളമായി. പുതിയ ഔഷധങ്ങൾ, ശസ്ത്രക്രിയാരീതികൾ, രോഗപ്രതിരോധ കുത്തിവയ്പുകൾ എന്നിവയെല്ലാം ഇതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ആയുർദൈർഘ്യ വർദ്ധനവ് ഉണ്ടായെങ്കിലും മനുഷ്യന്റെ സൗഖ്യാവസ്ഥയിൽ കാര്യമായ പുരോഗതി സംഭവിച്ചിട്ടുള്ളതായി പറയാനാവില്ല. വൈദ്യ സഹായത്തോടെ ആയുർദൈർഘ്യം കൂട്ടുകയാണ് മിക്കവരുടെയും കാര്യത്തിൽ. തീർച്ചയായും ചികിത്സകൊണ്ട് രോഗങ്ങൾ മാറുന്നുണ്ട്. ത്വക്ക്, ഹൃദയം, വൃക്ക, കരൾ എന്നിവ സംബന്ധിച്ച രോഗങ്ങളും പ്രമേഹവും പിടിപെട്ടവർ ചികിത്സയിലാണ് അവരുടെ ശിഷ്ടായുസ് മുഴുവൻ കഴിച്ചുകൂട്ടുന്നത്. കൂടാതെ മാനസിക അസ്വാസ്ഥ്യങ്ങളും രോഗങ്ങളും ഇന്നുവർദ്ധിച്ചുവരികയാണ്. അത്തരക്കാരും തുടർചികിത്സ സ്വീകരിച്ചുവരുന്നു.

ചികിത്സയുടെ പരാജയമല്ല ഇവിടെ രോഗവർദ്ധനവിനു കാരണം. ജീവിതസാഹചര്യങ്ങളും ജീവിതശൈലിയുമാണ് ഇവിടെ രോഗവർദ്ധനയുണ്ടാക്കുന്നത്. ശരീരാദ്ധ്വാനം നന്നേ കുറഞ്ഞു. ഭക്ഷണോപഭോഗം വർദ്ധിച്ചു. എന്നാൽ സമീകൃതമല്ലാതായി. പുകവലി, മദ്യപാനം എന്നിവ വ്യാപകമായി. വായു, വെള്ളം, ചുറ്റുപാടുകൾ എന്നിവയുടെ മലിനീകരണം അപകടനിലയെത്തി. ജീവിതക്രമം കുത്തഴിഞ്ഞു. ആധുനിക ജീവിതത്തിൽ വർദ്ധിച്ചുവരുന്ന പക, ആത്മനിന്ദ, ക്രോധം, അസൂയ, അതിമോഹം, ആധിപത്യവ്യഗ്രത മുതലായവ സൗഖ്യാനുഭവത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ്. ആഗോളവത്ക്കരണത്തോടൊപ്പം വ്യാപകമായിത്തീർന്ന കമ്പോളാധിഷ്ഠിത സാമ്പത്തികക്രമവും കിടമത്സരവും അവ പ്രചരിപ്പിക്കുന്ന സംസ്കാരവും സമൂഹത്തിൽ വരുത്തുന്ന മാറ്റം വലുതാണ്. ഇതിനെ പിന്തുണയ്ക്കുന്ന മൂല്യങ്ങൾ, മത്സരക്ഷമത, പ്രഹരശക്തി, പ്രചാരണശേഷി, സംഘടനാബലം, ലാഭം, മുതൽമുടക്ക് എന്നിവയെല്ലാമാണ്. ഇവയെല്ലാം മനുഷ്യനിൽ നിറയ്ക്കുന്നത് ആക്രമസ്വഭാവം, ലാഭചിന്ത, സ്വാർത്ഥത, മാനസിക പിരിമുറുക്കം, ആത്മസംഘർഷം തുടങ്ങിയവയാണ്. ഫലമോ? അവൻ രോഗഗ്രസ്തനായിത്തീരുന്നു.

ആധുനിക ജീവിതം മനുഷ്യന്റെ ജീവിതശൈലി, കാഴ്ചപ്പാട്, സാഹചര്യം എന്നിവയിൽ വരുത്തിയ മാറ്റങ്ങൾ സൃഷ്ടിച്ച രോഗാവസ്ഥയുടെ പരിഹാരത്തിനായി അലോപ്പതിചികിത്സമതിയെന്നാണ് ഇന്നത്തെ സമൂഹം കരുതുന്നത്. അതിനു കാരണവുമുണ്ട്. പെട്ടെന്ന് അസുഖത്തിന് ആശ്വാസം കിട്ടും. പത്ഥ്യങ്ങൾ ഇല്ല. അതിനുപകരം മരുന്നിന്റെ അളവും വീര്യവും കൂട്ടിയാൽ മതി. മരുന്നുകൾ നേരിട്ടു വാങ്ങിക്കഴിക്കാം. ഇതൊക്കെ അലോപ്പതിചികിത്സയുടെ മേന്മകളിൽ ചിലതാണ്. ആധുനിക ജീവിതശൈലി നിലനിർത്തിക്കൊണ്ടുതന്നെ സമയനഷ്ടമില്ലാതെ എന്തിനും ലഭ്യമാകുന്ന ഈ ചികിത്സ നൽകുന്നത് സൗഖ്യമൊ ആശ്വാസമൊ എന്നതാണ് അന്വേഷിച്ചു കണ്ടെത്തേണ്ട വസ്തുത.

ഈ ലോകജീവിതത്തിൽ മനുഷ്യനെ ഏറെ അസ്വസ്ഥനാക്കുന്ന പ്രതിഭാസമാണ് രോഗം. ശാരീരികവും, മാനസികവും, വൈകാരികവും, ആത്മീകവും, ധാർമ്മികവുമായ താളപ്പിഴകളാണ് രോഗങ്ങളായി രൂപപ്പെടുന്നത്. സാംക്രമിക രോഗങ്ങളുടെ ബാധയ്ക്കുപോലും ഇവ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നു. ആരോഗ്യം മനുഷ്യന് തൃപ്തിയും, സ്വസ്ഥതയും പ്രവർത്തനക്ഷമതയും നൽകുന്ന അവസ്ഥാവിശേഷമാണ്. അതുകൊണ്ട് മനുഷ്യരക്ഷയെപ്പറ്റി യേശുവിന്റെ സങ്കൽപ്പത്തിൽ മനുഷ്യന്റെ രോഗാവസ്ഥയിൽ നിന്നുള്ള മോചനത്തെ ഒഴിവാക്കുന്നില്ല. യേശുവിന്റെ ശുശ്രൂഷയിലെ പ്രധാന കാര്യപരിപാടി തന്നെയായിരുന്നു സൗഖ്യദാനം. സൗഖ്യദാന സംഭവാവതരണ ഭാഗങ്ങളിൽ ചിലയിടങ്ങളിൽ രോഗമുണ്ടാകുന്നു സാഹചര്യങ്ങളെപ്പറ്റി പരാമർശങ്ങളുണ്ട്. കുഷ്ഠരോഗമുൾപ്പെടെയുള്ള ചില അസുഖങ്ങളെ ശാരീരികരോഗങ്ങൾപോലെ കർത്താവു സുഖപ്പെടുത്തുന്നു. എന്നാൽ ധാർമ്മികാധഃപതനവും പാപജീവിതവുമായി രോഗത്തെ കർത്താവ് ബന്ധപ്പെടുത്തുന്നു. പക്ഷപാതരോഗിയെ ക്രിസ്തു സുഖപ്പെടുത്തുന്നത് അവന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ടാണ്. ഗദ്റായിലെ ഭീകരന്റെ രോഗാവസ്ഥയുടെ കാരണം ദക്ക

പ്പൊലി ദേശത്ത് യവനവൽക്കരണത്തോടെ ഉണ്ടായ സാംസ്കാരികവും മതപരവുമായ അന്യവൽക്കരണമാണ് എന്ന് പുതിയ നിയമ പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നു. അതായത് മനുഷ്യന്റെ രോഗാവസ്ഥ ഭൗതികവും ജീവശാസ്ത്രപരവുമായ കാരണങ്ങളാൽ മാത്രം സംഭവിക്കുന്നു എന്ന നിഗമനം തീർത്തും ശരിയായിരിക്കണമെന്നില്ല എന്ന സൂചനയാണ് ഇവിടെ കാണുന്നത്. ഇത് ആധുനിക വൈദ്യശാസ്ത്രത്തിന് ബോധ്യപ്പെട്ട വസ്തുതയാണ്.

അതുകൊണ്ട് ജീവ-ഭൗതിക ശാസ്ത്ര കാരണങ്ങളും, ജീവിത സാഹചര്യങ്ങളും, ശൈലികളും ചികിത്സാരീതിയും മാത്രമല്ല രോഗത്തെയും, രോഗസൗഖ്യത്തെയും പറ്റിയുള്ള പഠനത്തിനാവശ്യം. പ്രത്യുത, മനുഷ്യനെത്തന്നെ സമഗ്രമായി അന്വേഷണ വിഷയമാക്കേണ്ടതുണ്ടെന്നു വരുന്നു. മനുഷ്യൻ ശരീരവും മനസ്സും ആത്മാവും വേർതിരിക്കാനാവാത്ത ബന്ധത്തിൽ കഴിയുന്ന ഒരു സജീവ പ്രതിഭാസമാണ്. ഇഴപിരിയാനാവാത്ത ബന്ധത്തിലും പരസ്പര സ്വാധീനത്തിലുമാണ് മനുഷ്യനിലെ ഈ മൂന്നു ഘടകങ്ങൾ കഴിയുന്നത്. സഭാപിതാക്കന്മാർ Perichoral (interpenetrated) എന്ന പദംകൊണ്ടാണ് ഈ പരസ്പരബന്ധത്തെ വിശദീകരിക്കുന്നത്. മനുഷ്യനിൽ വിഭജനാതീതമായി കഴിയുന്ന ഈ മൂന്നു ഘടകങ്ങൾ രോഗ, സൗഖ്യങ്ങളുടെ കാര്യത്തിൽ പരസ്പര ബന്ധത്തിലാണ്. ശാരീരിക രോഗങ്ങൾ പലപ്പോഴും ധാർമ്മിക-വൈകാരിക-ആത്മീയ-സാംസ്കാരിക ജീവിതത്തിലെ വീഴ്ചകൾ കൊണ്ടാകാമെന്നതാണ് സൂചന. അതുപോലെതന്നെ ജീവിത വീക്ഷണവൈകല്യം ജീവിതത്തിൽ ചെലുത്തുള്ള സ്വാധീവും രോഗാവസ്ഥ സൃഷ്ടിക്കുന്നു. അതുകൊണ്ട് മനുഷ്യന്റെ ആദ്ധ്യാത്മിക-ധാർമ്മിക-വൈകാരിക ഘടകങ്ങൾ അവഗണിച്ചുകൊണ്ട് ഔഷധപ്രയോഗം കൊണ്ടുമാത്രം നടത്തുന്ന ചികിത്സ വ്യക്തിക്ക് രോഗശമനമല്ലാതെ രോഗസൗഖ്യം നൽകുമെന്ന് നിനച്ചുകൂടാ. അത്തരം ചികിത്സ സൗഖ്യദാന ശുശ്രൂഷയായി പരിണമിക്കുമെന്ന് പറയാനാവില്ല. ക്രമവിരുദ്ധമായ-അലങ്കോലപ്പെട്ട-ജീവിത ശൈലിമൂലം സൃഷ്ടിക്കപ്പെടുന്ന രോഗാവസ്ഥയ്ക്ക് മരുന്നും ശസ്ത്രക്രിയയും പൂർണ്ണപരിഹാരമാകുമെന്ന ചിന്തയ്ക്ക് യുക്തി ഭദ്രതയില്ല. ആദ്ധ്യാത്മീക-ധാർമ്മികപരിവർത്തനം സൗഖ്യജീവിതത്തിന് അനിവാര്യമാണ് എന്ന ധാരണ സൃഷ്ടിക്കപ്പെടണം.

മനുഷ്യനെ മനസ്സ്, ശരീരം എന്ന് വേർതിരിച്ചുകൊണ്ട് രോഗലക്ഷണങ്ങൾ (symptoms) വീക്ഷിക്കുന്നതും അതിൻപ്രകാരം ചികിത്സ പരിമിതപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം വിശകലന-കേന്ദ്രീകൃത (analytical-focused) രീതിയാണ്. ഇതിനൊരു സമഗ്രസ്വഭാവമുണ്ടെന്നു പറഞ്ഞുകൂടാ. മനുഷ്യാളത്തത്തിന്റെ ഉദ്ഗ്രഥിത സ്വഭാവം ഇതിൽ വേണ്ടവിധം പരിഗണിക്കപ്പെടുന്നില്ല. രോഗത്തിന്റെ കാരണം രോഗാവസ്ഥ അനുഭവപ്പെടുന്നിടത്ത് മാത്രമായി പരിമിതപ്പെടുത്തുമ്പോൾ അവിടം കേന്ദ്രമാക്കിയുള്ള രോഗനിർണ്ണയവും ചികിത്സയും മാത്രമാണ് നടക്കുക. മസ്തിഷ്ക്കത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങളിലെ ക്രമക്കേട് മാനസിക രോഗമുണ്ടാക്കുന്നു. എന്നാൽ ക്രമക്കേടിന്റെ കാരണം കണ്ടെത്തി അതില്ലായ്മ ചെയ്യാൻ കഴിയുന്നില്ല. ഇത്തരത്തിലുള്ള ചികിത്സ രോഗിക്ക് രോഗശമനം നൽകുന്നുണ്ടെങ്കിലും രോഗസൗഖ്യം (രോഗവിമുക്തി) നൽകാൻ പര്യാപ്തമല്ല. രോഗശമനവും നിയന്ത്രണവും രോഗസൗഖ്യമാകുന്നില്ല എന്നതാണ് തിരിച്ചറിയേണ്ട കാര്യം.

അതുപോലെ തന്നെ രോഗംമൂലമുള്ള അസ്വസ്ഥത നീക്കുക എന്നത് ചികിത്സയുടെ പ്രാഥമിക ലക്ഷ്യമാണ്. ആ അസ്വസ്ഥതയ്ക്ക് പരിഹാരമായി ചികിത്സയെ കാണുന്നു. എന്നാൽ ചികിത്സ മറ്റ് ശാരീരിക-മാനസിക മേഖലകളിൽ സൃഷ്ടിക്കുന്ന പാർശ്വഫലങ്ങൾ അത്രതന്നെ ഗൗരവമായി വീക്ഷിക്കപ്പെടുന്നില്ല. രക്തസമ്മർദ്ദം കുറയ്ക്കാൻ മരുന്നു നൽകുന്നു. അതുകുറയുകയും ചെയ്യുന്നു. എന്നാൽ ഈ അതിരക്തസമ്മർദ്ദം മറ്റുചില അവയവങ്ങളെ ബാധിച്ച അസ്വസ്ഥതകളെ തടയാൻ ശരീരം സ്വയം കൈക്കൊണ്ട പ്രതിരോധ നടപടി ആയിരുന്നിരിക്കാം. അവിടെ മരുന്നുപ്രയോഗം കൊണ്ട് കൃത്രിമമായി രക്തസമ്മർദ്ദം ശരിപ്പെടുത്താനുള്ള ശ്രമം ആ അവയവങ്ങളെ ദോഷകരമായി ബാധിക്കാം. അതായത് മനസ്സിലാക്കിയ രോഗത്തിന് ശമനമുണ്ടാക്കുക എന്ന പ്രാഥമിക ലക്ഷ്യം ഇവിടെ നേടുന്നുവെങ്കിലും മറ്റു ചില രോഗങ്ങൾ വരുവാനുള്ള സാധ്യതയാണ് നിർദ്ദിഷ്ട ചികിത്സ ഒരുക്കുന്നത്.

മനുഷ്യന്റെ പ്രകൃതിയുമായുള്ള ബന്ധം അടിസ്ഥാനപരമാണ്. പ്രകൃതിയ്ക്ക് അനുസൃതവും അനുയോജ്യവുമായ ജീവിതത്തിൽ നിന്നുള്ള അകൽച്ച മനുഷ്യനെ രോഗഗ്രസ്തനാക്കുന്ന ഘടകമാണ്. അതുകൊണ്ട് പ്രകൃതിജീവന തത്വശാസ്ത്രം അംഗീകരിച്ചുകൊണ്ടു മാത്രമേ സൗഖ്യപ്രക്രിയ യാഥാർത്ഥ്യമാക്കാനാവൂ. അങ്ങനെയെങ്കിൽ ആധുനിക മനുഷ്യന്റെ ജീവിതരീതിയിൽ തന്നെ മൗലീകമായ വ്യതിയാനം ആവശ്യമാണ്. പ്രകൃത്യാനുസൃതമായ മാറ്റം. മനുഷ്യൻ വെറും ഭൗതികനാണ് എന്നു വിലയിരുത്തി ആധുനിക വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ മനുഷ്യന് രോഗസൗഖ്യം നൽകാൻ ആവില്ല എന്ന തിരിച്ചറിവ് സൗഖ്യദാന ശുശ്രൂഷയ്ക്ക് ഒരു സമഗ്രപദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും ഊഷ്മളാശംസകൾ എല്ലാവർക്കും നേരുന്നു.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

**Articles**

# SPIRITUAL ASPECTS OF CHILD AND ADOLESCENT MENTAL HEALTH

**Fr. Dr. O. Thomas**

This topic is very significant because of the following reasons.

1. Mental health has become a matter of behavioral science and it is not related to religion or spirituality. Many of the accepted schools of psychology such as psycho-analysis, behaviourism, gestalt, cognitive, etc. speak about mental health without any reference to religion and spirituality.

2. Our secular education has become anti-spiritual. Though secularism has many meanings in the pro-western educational system it is more anti-religious and anti-spiritual. Students quite often become more skeptical or critical about religion its faith and practices than any other areas such as science, art, literature, politics, governance, medias and so on. In this process class room is made the only legitimate place for educational enterprise and avoided all other options. Traditional practices of family prayer, meaningful participation in liturgy and other sacraments, religious rituals are not considered as powerful tools in enhancing spirituality and mental health. It does not mean that nothing is done by the churches to bring out the children and teenagers to improve their mental health through the Sunday Schools and other Spiritual organizations. However generally speaking the profile given to spiritual education is low when compared to the secular education.

In brief spirituality and mental health which are closely to be integrated within the being of an individual has been reduced as a subject matter of learning in intellectual terms.

## WHAT IS SPIRITUALITY?

Spirituality means different things to different people. We need to find a definition. Traditionally spirituality was monopolized by the religions. There will be a concept of God in the centre and the rituals, practices, related to that faith constitute the main part of spirituality. Spiritual development involves the integration of one's beliefs, value, meaning and self worth. The question such as why am I here, what is the meaning of life, what is the form of life after death are some of the pertinent questions arise in the arena of spirituality. Benner describes spirituality "as a deep and mysterious yearning for self transcendence and surrender, a yearning to find meaning and a place in the world"[1].

Spiritual belief as often tied to values which often guide individual's choices, decision making and behavior pattern. Ethical concerns are also an integral part of spirituality.

Jerome Dollard writes "Spirituality is a lot like health. We all have health, we may have good health or poor health, but it is something we cannot avoid having. The same is true of spirituality"[2]. Every human being is a spiritual being. The question is not whether we have spirituality or not but on the other hand whether it is negative or positive and life giving. Spirituality has got a progressive face. Spiritual expression of a child is different from that of adolescent. As we grow up we tend to experience and express our faith differently. John H. Westerhoff points out four stages in this process[3].

## 1. EXPERIENCED FAITH

Childhood spirituality is related to sensual experience to sights, sounds, feeling etc. but unconcerned about meaning. Rituals are very important at this stage.

## 2. AFFILIATIVE FAITH

There arise the need of affiliation to an external world. A sense of belonging to a faith community is needed. Family and worshiping community can play an important role here.

## 3. SEARCHING FAITH

This is a spiritual quest at the time of teenage and adolescence. Critical questioning is taking place and sometimes even accepted norms are challenged. Young people are misunderstood at this stage. However it is not a sign that something has gone wrong but only a beginning to the maturing stage.

## 4. MATURE FAITH

People grow to a stage where they consciously accept and acknowledge the faith with all commitments to the lifestyle that faith demands.

John Bredford, in a book produced by Children's society suggests that children have five basic spiritual needs. They are love, security, new creative experiences (wonder), affirmation or a sense of direction and confidence to grow and participation and responsibility. He also opines that the churches could help the children to meet these needs in the following ways. Love could be fulfilled by giving membership to a caring community, security by established creed and moral code, wonder by giving existing worship

experience and encouraging an inner devotional life. Affirmation by giving pastoral care and participation by providing chances to be involved in activities to serve one another.

**ADOLESCENT SPIRITUALITY**

Adolescents have different expressions of spirituality than children. Catholic educator Jane C. Lindle observes[4] "Adolescent spirituality is multi-dimensional and includes an individual relationship with God as well as a communal relationship with God and other people. They need more interaction. The classical questions like Who am I, What should be my aim, What is my place in society, What should be my carrier or occupation, etc. become very important to adolescents. Those who get positive answers to these questions develop a meaningful spirituality at this stage.

One more word about Spirituality. It does not necessarily mean that spirituality is always linked with religion. Even Marxian ideology which does not have any reference to God also propose the idea of spirituality. For them the people who are committed to the cause of building a socialist society are spiritual. There are humanists who promote spiritualism in their own ways. "It can be defined as a sense of good health about oneself as a human being and as a unique individual"[5]. However for a working definition spirituality is understood as a world view based on the faith in a God who controls everything including the personal and social dimensions of life on certain moral principles which are absolute and contextual. Discernment of absolute and contextual depends on one's own spiritual development.

**MENTAL HEALTH**

Mental health is an integral part of health indeed and there is no health without mental health. It is defined as a "state of wellbeing in which every individual realises his or her own potential, can cope with the normal stress of life, can work productively and fruitfully and is able to make a contribution to his or her own community"[6] (WHO 2007). It involves the following aspects, realizing one's own potential, ability to cope up with stresses of life, greater work productivity and make meaningful contribution to the community. It is also added that mental health is a state of complete physical, mental, and social wellbeing and not merely the absence of any disease. Since this understanding is promoted by the UNO almost everybody take it as normative. The spiritual faculty which is fundamental in theological and biblical perspective is missing in this definition.

Mental health includes emotional, psychological, social and above spiritual wellbeing. It affects how we think feel and act. Mental health is important at every stage from childhood and throughout the life. Many factors contribute mental health problems including biological factors such as genes or brain chemistry, life experience such as trauma or abuse and family history of mental health problems. Lack of meaningful philosophy of life and a disciplined spirituality is not considered as prominent in many psychological deliberations. There are certain warning signs that have got mental health problems. Following are some signs of it.

Eating or sleeping too much or too little

Withdraw from usual activities and from people

Feeling numb and no likings

Having unexplained aches and pains

Feeling helpless and hopeless

Excessive smoking, drinking or using drugs

Feeling unusually confused forgetful, angry, upset, worried or scared.

Fighting with family and friends

Experiencing severe mood changes

Having persistent thoughts and memories that cannot avoid

Inability to perform daily duties like taking care of kids or getting to work or school

These signs are applicable to both children and youth[7].

There are many ways to deal with mental health problems. They include professional help from psychiatrists, clinical psychologists and counselors, engaging in social and community activities, better human relationship, relaxation techniques, entertainments, reading, enjoying music, interesting hobbies, etc. All these factors will help to reduce the intensity of mental health problems (here I avoid more details on mental health and mental illnesses because other papers seem to supplement the same)

**SPIRITUAL ASPECTS**

In order to understand the spiritual aspects of mental health we have to begin from the basic understanding of human nature. Though psychology has explained many things about human nature in terms of hereditary, environmental, unconscious, socially conditioned and so on it does not speak about an important aspect which theology and Christian tradition up holds ie, Human being is the creation of God. See the beautiful hymn of the Psalm.

When I look at your heavens

And the work of your fingers

The moon and stars that you have established

What are human beings that you are mindful of them

Mortals that you care for them?

Yet you have made them a little lower than God

And crowned them with glory and honour (Psalm 8:3-5)

### GOD-WORLD RELATION

The world exists within God, who is infinite. There is no existence for the world apart from God. The world is like the flame of the lamp that is lit forever using an endless source of energy[8]. Since God is the source of endless energy the holistic health which consists of body mind and spirit depends on how the individuals relate with the source of endless energy.

### MAN IS CREATED IN THE IMAGE OF GOD

God not only created man but also did it in the image of God. The Bible opens with the beautiful statement that human being was created in the image and likeness of God. "And God said, let us make man in our image, in our likeness….. so God created man in his own image, in the image of God created him : male and female He created them (Genesis 1:26-27). Creation is from 'ex nihilo' which means out of nothing. Thus the possibility to become 'nonbeing' is inherent in human nature. Theologians speak about this predicament of humanity as existential problem. Human being is never free from existential anxiety ie, the frightful awareness of the end of this existence which is the root of all problems related to mental health.

Paul Tillich says the image of God given human beings the freedom to choose "freedom is that capacity to choose what is given with the help of the creator"[9]. The freedom given to human being can be used for or against the will of God. Mental health is deteriorated when human beings use their freedom to choose against the will of God.

Fr. Paul Varghese later world famous Orthodox Theologian Metropolitan Paulos Mar Gregorios affirmed in spite of the reality of sin, human being did not lose the ability to choose the good. He wrote "what is at the depth of human nature is not his sin but his freedom; at the depth he is free"[10]. Mental health is lost when human being misuse this freedom. Human being is in need of an ongoing continuous dependence on God and that nature of relationship will give meaning to all events in life including mental health.

### THE NATURE OF FALLENNESS OR SIN. THE ROOT OF ALL PROBLEMS

According to the understanding of Orthodox Theology mental problems have a root in fallen nature of humanity. Orthodox Theology affirms that before Adamic sin human being lived in perfect harmony with God and with nature. As they were free they had been given a responsibility to choose between good and evil. Their choice fell with the evil in the Garden of Eden. Though there is disagreement regarding the origin and nature of evil, everybody seem to accept the existence of an evil force which remains inside and outside. The fallen nature of humanity is an important key concept in understanding mental health in Orthodox viewpoint. "Humanity's alienation from God leads to alienation from others, over concern for self, lack of meaning and purpose, a deterioration of self image and a lack of power to improve sufficiently to resist the pull of the environment"[11]. In short alienation from God is the root cause of all problems.

Here one should carefully note that fallen nature is not realised only in individual terms, but it has a corporate dimension too. However this does not mean that human being is in total depravity. While affirming the nature of human fallenness, Orthodox Theology equally maintains the dignity of human freedom. Human being can exercise this freedom to do good and enhance his/her mental health.

In this point we should note the limitation of the method of psychology. Psychology seriously consider the interplay between body and mind while it ignores the dimension of spirit or sin. The missing elements of sin and spirit in psychological method are given much emphasis in Orthodox teaching while analyzing human problems.

### THEOSIS AND MENTAL HEALTH

Problems are the part of life and Orthodox theology does not give any immediate solution to it. George Florovsky a Russian Theologian has said "Christian doctrine does not answer directly any practical question in the field of politics of economics or psychology"[12]. All problems will overcome when humanity grow into the maturity about which Orthodox Theology propose in the idea of Theosis or deification. The essence of deification lies in the famous dictum of St. Athanasius "God became man so that we might become divine"[13]. Deification points out the possibility of transforming the human nature into divine. Transformation means to participate in the nature of God (2 Peter 1:4) or to become Christ like. "It is suggested that the personality in its carnal consciousness is a self imprisoned existence, radically contrasted with every other personality"[14]. On the other hand transformed or Christ like nature will be a personality of reconciliation both within and outside the self. In brief growing in the process of Theosis or deification correspondingly enhancing the mental health also. Deification affects

**പുസ്തക പരിചയം**

# നേർവഴി

**ഫാ. ജോൺസൺ പുറ്റാനിൽ**

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശാക്തീകരണ വിഭാഗം പ്രസിദ്ധീകരിച്ച 'നേർവഴി: കുടുംബങ്ങൾക്ക് ഒരു സമീകൃത മാധ്യമ സാക്ഷരത' എന്ന പുസ്തകം വായനക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ വലിയ സന്തോഷമുണ്ട്. ഓരോ വർഷവും സഭയുടെ ശുശ്രൂഷകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു മേഖല തിരഞ്ഞെടുക്കുകയും, ആ മേഖലയിലെ ശുശ്രൂഷയെക്കുറിച്ച് പഠിച്ച് അതിനുവേണ്ട അറിവ് സഭാ ശുശ്രൂഷകർക്ക് പ്രദാനം ചെയ്യുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത പ്രസിഡന്റും റവ. ഫാ. പി.എ. ഫിലിപ്പ് സെക്രട്ടറിയുമായുള്ള സമിതിയ്ക്ക് അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

നവമാധ്യമങ്ങളുടെ സ്വാധീനം ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഈ കാലഘട്ടത്തിൽ ഏവർക്കും സമീകൃതമായ മാധ്യമ സാക്ഷരത ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സാമൂഹിക നന്മയ്ക്കും മാറ്റങ്ങൾക്കും ഗുണകരമായ സ്വാധീനങ്ങൾ ചെലുത്തുവാൻ കഴിയുന്ന മാധ്യമങ്ങൾക്ക് വ്യക്തികളെയും കുടുംബങ്ങളെയും രാഷ്ട്രത്തെതന്നെയും തകർച്ചയിലേക്ക് നയിക്കുവാനും സാധിക്കും എന്നതാണ് സത്യം. ദുരിതമനുഭവിക്കുന്ന എത്രയോ വ്യക്തികൾക്ക് സഹായം എത്തിക്കുന്നതിന് മാധ്യമ-സൗഹൃദ കൂട്ടായ്മകൾക്ക് കഴിയുന്നുണ്ട്. എന്നാൽ ഫെയ്സ് ബുക്ക്, വാട്സ് അപ്പ് തുടങ്ങിയ മാധ്യമങ്ങളിലൂടെ സൗഹൃദം സ്ഥാപിച്ച് എത്രയോ പേർ കബളിപ്പിക്കപ്പെടുന്നു!

'നേർവഴി' എന്ന പുസ്തകത്തിൽ മാധ്യമങ്ങൾ എന്നാൽ എന്തെന്നും അവ ഉയർത്തുന്ന വെല്ലുവിളികൾ എന്തെല്ലാമെന്നും വിശദമായി പ്രതിപാദിക്കുന്നുണ്ട്. അതിൽ പറയുന്നപോലെ ഇത് വിജ്ഞാന വിസ്ഫോടനത്തിന്റെ യുഗമാണ്.

ലോകത്ത് സംഭവിക്കുന്ന എല്ലാ കാര്യങ്ങളും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ തത്സമയം നമ്മുടെ കൺമുന്നിലെത്തുകയായി. ടെലിവിഷൻ, സിനിമ, റേഡിയോ, ദിനപത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയെ വാർത്താ മാധ്യമങ്ങൾ (Mass Media) എന്നു വിളിക്കുമ്പോൾ ഇന്റർനെറ്റ് ഉപയോഗിക്കുവാൻ കഴിയുന്ന കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ, സി.ഡി., പെൻഡ്രൈവ് തുടങ്ങിയവ ഉപയോഗിക്കുന്ന സംവിധാനങ്ങളെ സാമൂഹിക മാധ്യമങ്ങൾ (Social Media) എന്നും പറയുന്നു. ഭാരതത്തിൽ മിക്കവാറും തന്നെ ഏതെങ്കിലും വാർത്താമാധ്യമങ്ങൾ ഉപയോഗിക്കുന്നവരാണ് ഇന്നുള്ളത്. ചുരുക്കം ചില കേന്ദ്രങ്ങളിൽ നിന്നും വാർത്തകൾ പുറപ്പെടുവിച്ച് എല്ലാവരിലേക്കും അത് എത്തിക്കുകയാണ് വാർത്താമാധ്യമങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് ആളുകൾ എന്തറിയണം, എന്തറിയരുത് എന്ന് തീരുമാനിക്കാനുള്ള കരുത്ത് ഈ ചുരക്കം ചിലരിൽ നിക്ഷിപ്തമാകുന്നു. അവർ വിചാരിച്ചാൽ ജനങ്ങളെ എളുപ്പത്തിൽ തെറ്റിദ്ധരിപ്പിക്കുവാൻ സാധിക്കുന്നു. കാരണം വാർത്തകൾ സ്വീകരിക്കുന്ന ബഹുഭൂരിപക്ഷത്തിന് ഇതിൽ ഒരു പങ്കുമില്ല. എന്നാൽ സാമൂ

---

the whole personality including body, mind and spirit. Orthodox theology does not allow a strict compartmentalization of body, mind and spirit. The feeling of well being is experienced at all levels at a time.

## CHURCH AND SACRAMENTS

Human beings do not choose their families; they are born in to it. Likewise each believer is born into the Church. The process of Theosis or spiritual growth starts with one become a member of the Church. In essence Church is a healing community which facilitate mental health through its individual and corporate prayers, worship and sacraments. Each believer is in need of the grace of God for inner transformation. Sacraments are the means by which each believer receives the grace of God. "The sacramental mysteries actualize and energize the divine image in individual. When man receives the gift of divine powers in the mysteries of the Church, it is not only the particular individual who receives, but the whole creation"[15]. Among the sacraments Holy Eucharist is considered to be the Queen of Sacraments and the Holy Communion aims at the inner transformation of the very being of believers. Florovsky writes "in the Eucharist Christ gives us His own body and blood, so that we may be sustained by it and grows to be Christ like. God entrusted God's self to us so that we may truly become God bearing community"[16]. Apart from sacraments the fellowship of worshiping community, family prayer, bible reading and meditation, lent, fasting, pilgrims, good works with unconditional love etc. help the believers for inner transformation which affects in enhancing mental health. In brief Theosis or deification is a process in which believers achieving higher level of mental health according to Orthodox perspective.

ഹിക മാധ്യമങ്ങളിൽ ജനങ്ങളാണ് വാർത്തകൾ സൃഷ്ടിക്കുന്നതും പങ്കുവയ്ക്കുന്നതും, കണ്ട് പ്രതികരിക്കുന്നതും. സാമൂഹിക മാധ്യമങ്ങളുടെ വരവോടെ സ്ഥലകാല പരിമിതികൾ അപ്രസക്തമായി ഒരാളുടെ ജാതിയോ, മതമോ, വർഗ്ഗമോ, പ്രായമോ, പൗരത്വമോ, സാമ്പത്തിക സ്ഥിതിയോ ഇതിന്റെ പങ്കാളിത്തത്തിന് തടസ്സമാകാതായി. ആളുകൾക്ക് അവരുടെ തരത്തിലും പ്രായത്തിലും അഭിരുചികളിലും പെട്ടവരെ കണ്ടെത്തുവാനും സൗഹൃദമുണ്ടാക്കുവാനും കഴിയുന്നു. വാർത്താമാധ്യമങ്ങൾ അവഗണിക്കുന്ന പലതും സമൂഹമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. ഭാരതത്തിൽ 90 കോടിയാളുകൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായാണ് കണക്ക്. ഒൻപതരകോടിയോളം പേർ ഫെയ്സ് ബുക്കും, നാലുകോടിയോളം പേർ വാട്സ്അപ്പും ഉപയോഗിക്കുന്നു. ഇവരുടെ എണ്ണം ദിനംപ്രതി പെരുകുകയാണ്. മാധ്യമമില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ചിന്തിക്കുവാൻ ഇന്നത്തെ യുവാക്കൾക്കാവില്ല. അവരുടെ ജീവിതത്തിൽ മാധ്യമങ്ങൾ ശക്തവും നിർണ്ണായകവുമാം വിധത്തിൽ അവരുടെ തീരുമാനങ്ങളെയും തിരഞ്ഞെടുപ്പുകളെയും സ്വാധീനിച്ചുകൊണ്ടാണിരിക്കുന്നത്. ഏതു സമൂഹത്തിലും ഉള്ളതുപോലെ തെമ്മാടികളും ചതിയന്മാരും ഈ മേഖലയിൽ ഉള്ളതുകൊണ്ടുതന്നെ മാധ്യങ്ങളെ കരുതലോടെ സമീപിക്കേണ്ടത് അത്യാവശ്യമാണ്. ഇവിടെയാണ് സമീകൃത മാധ്യമ സാക്ഷരതയുടെ പ്രസക്തി.

“നേർവഴി” എന്ന ഈ പുസ്തകം ഈ മേഖലയിൽ ഏവർക്കും നല്ലൊരു വഴികാട്ടിയാണ്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ അവതരിപ്പിക്കുന്ന പ്രഗത്ഭർ എഴുതിയ ഇരുപത്തേഴോളം ഈടുറ്റ ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം.

മാധ്യമങ്ങൾ: വിവേകപൂർണ്ണമായ സമീപനം ആവശ്യം എന്ന പ്രസിഡന്റ് മെത്രാപ്പോലീത്തയുടെ ആമുഖലേഖനത്തോടെ ആരംഭിക്കുന്ന പുസ്തകത്തിലെ ആദ്യ അഞ്ചു ലേഖനങ്ങൾ ഈ വിഷയത്തെ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്നുള്ള സമഗ്ര വിശകലനങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അറിയാനും അറിയിക്കാനുമുള്ള തൃഷ്ണയാണ് സമൂഹത്തിന്റെ വളർച്ചയ്ക്ക് നിദാനമെന്നതുകൊണ്ട് മാധ്യമങ്ങളെ നിഷേധിക്കുവാൻ കഴിയില്ല എന്നത് വസ്തുതയാണ്. എന്നാൽ അവയുടെ ഉപയോഗം ധാർമ്മിക-സാമൂഹിക, നിയന്ത്രണങ്ങൾക്ക് വിധേയമാകേണ്ടതുണ്ടെന്ന് തിരുമേനി ഓർമ്മിപ്പിക്കുന്നു. യുവതലമുറ ഇന്ന് നോമോഫോബിയ എന്ന അവസ്ഥയ്ക്ക് അടിമകളാണ് (No Mobile Phobia) മാധ്യമങ്ങൾ നമ്മെ പിടിച്ചിരുത്തി അടിമകളാക്കാതിരിക്കുവാൻ സൈബർ ഫാസ്റ്റ് എന്ന ആശയം സഭ മുന്നോട്ട് വയ്ക്കുന്നു. ഒരു ദിവസം മുഴുവൻ സൈബകർ ഉപകരണങ്ങൾ ഓഫ് ലൈനാക്കി ദൈവവുമായി മാത്രം ഓൺലൈൻ ആക്കുന്ന ഉപവാസ രീതി കഴിഞ്ഞ വെള്ളിയാഴ്ച സഭയിൽ ആചരിക്കുവാൻ ആഹ്വാനം ചെയ്തു.പഴയ സെമിനാരി പ്രിൻസിപ്പൽ ഡോ. ഒ. തോമസ് അച്ചന്റെയും കോട്ടയം മെഡിക്കൽ കോളജ് സൈക്കോളജി പ്രൊഫസറായ ഡോ. വർഗ്ഗീസ് പുന്നൂസിന്റേയും ലേഖനങ്ങൾ എടുത്തു പറയേണ്ടവയാണ്. ന്യൂ ജനറേഷൻ കുട്ടികൾ ഇന്ന് സോഷ്യൽ ഡിസ്കണക്ഷൻ സിൻഡ്രോം എന്ന മാനസിക രോഗത്തിന് അടിമകളായിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറയുന്നത്. കുട്ടികളുടെ തലച്ചോറ് ഇലക്ട്രിക് ഉപകരണങ്ങളോട് കണക്ട് ചെയ്യുമ്പോൾ സാങ്കേതിക നൈപുണ്യങ്ങൾ കൂടുമെങ്കിലും സമൂഹവുമായി ഒറ്റപ്പെടുകയും സഭാകൂട്ടായ്മകളോടും ബന്ധുമിത്രാദികളോടും ഉണ്ടാകുന്ന അകൽച്ച ആരോഗ്യകരമായ മാനസിക വളർച്ച തകരാറിലാക്കുമെന്നും മുന്നറിയിപ്പു തരുന്നു. അതുകൊണ്ട് തന്നെ ഒരു റീ-കണക്ഷൻ യജ്ഞം അനിവാര്യമാകുന്നു.

തുടർന്നുള്ള മൂന്ന് ലേഖനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങൾ ശീരീരിക ആരോഗ്യത്തെ എങ്ങനെ നശിപ്പിക്കും എന്നുള്ള പഠനങ്ങളാണ്. ബാക്കിയുള്ള എല്ലാ ലേഖനങ്ങളും വിവിധ മാധ്യമസംവിധാനങ്ങളും ഒപ്പം തന്നെ സീരിയലുകളും കുടുംബ ബന്ധങ്ങളിലുണ്ടാക്കുന്ന പ്രതിസന്ധികളും അതുകൊണ്ടു തന്നെ മാധ്യമങ്ങളോടുള്ള നമ്മുടെ സമീപനം എപ്രകാരം മാറേണ്ടതുണ്ട്. എന്ന് കാണിച്ചു തരുന്നവയാണ്. ഒരു കാര്യം വ്യക്തമാണ് മാധ്യമങ്ങൾ അനന്ത സാധ്യതകൾ മനുഷ്യനിൽ വച്ചു തരുന്നു. അത് എങ്ങനെ ഉത്തരവാദിത്തപരമായി കൈകാര്യം ചെയ്യണം എന്ന് പഠിപ്പിച്ചു കൊടുക്കുക എന്നത് സഭയുടെ ധർമ്മമാണ്. നവമാധ്യമങ്ങളെയും ന്യൂജനറേഷൻ കുഞ്ഞുങ്ങളേയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. പാപത്തിന്റെ ലോകത്തിൽ നിന്നും മനുഷ്യനെ രക്ഷിപ്പാൻ ജഡധാരണം ചെയ്ത ക്രിസ്തുവിനെപ്പോലെ സഭ സൈബർ ലോകത്തേയ്ക്കും ജഡധാരണം ചെയ്യേണ്ടതാവശ്യമാണ്. സഭയിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന യുവാക്കളെ അവരുടെ ലോകത്തിലെത്തി വീണ്ടെടുക്കാൻ സഭയുടെ ശുശ്രൂഷകർക്ക് സാധിക്കണം. ഇടവക തലത്തിൽ സൈബർ കൂട്ടായ്മകളുണ്ടാകട്ടെ. ധാർമ്മികത ജീവിതത്തിൽ നിലനിർത്തുവാൻ ലൈഫ് സ്കിൽ പരിശീലന കളരികളുണ്ടാകട്ടെ. സൈബർ കുറ്റകൃത്യങ്ങളിൽ ബലിയാടുകളാകുന്നവരെ അനുഭാവപൂർവ്വം കരുതുവാൻ സഭയ്ക്ക് ബാധ്യതയുണ്ട്.

വിവിധ ലേഖനങ്ങൾ ഒരേ വിഷയത്തെക്കുറിച്ച് കൂട്ടിച്ചേർക്കുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന ആശയ ആവർത്തനങ്ങളുടെ പ്രശ്നങ്ങളുണ്ടെങ്കിലും ഈ പുസ്തകം ശ്രദ്ധിക്കപ്പെടേണ്ടതും വായിക്കപ്പെടേണ്ടതുമാണ്. ●



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**ആരാധിക്കുന്ന സമൂഹം എന്നാണല്ലോ സഭയെ വിശേഷിപ്പിക്കുന്നത്. ആരാധന വി. കുർബ്ബാനയുമാണ്. മലങ്കര സഭയുടെ ആരാധനക്രമത്തെ തിരുമേനി എങ്ങനെ വിലയിരുത്തുന്നു?**

അന്ത്യോഖ്യൻ പാരമ്പര്യത്തിലുള്ള ആരാധനാക്രമമാണ് നമ്മുടേത്. മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തു എന്നുമാത്രം. ദീർഘകാലമായി സഭയിൽ ഉപയോഗിച്ചുവരുന്ന ഈ പുരാതനമായ ആരാധനക്രമത്തിന് മേന്മകളും ന്യൂനതകളുമുണ്ട്. ഒന്നാം നൂറ്റാണ്ടിൽ രൂപംകൊണ്ട ഈ ക്രമം അപ്പോസ്തോലിക കാലവുമായി ആധുനിക സഭയെ ബന്ധിപ്പിക്കുന്ന കണ്ണിയാണ്. ക്രിസ്തീയ സഭകളിൽ ഉപയോഗിക്കപ്പെടുന്ന ആരാധനക്രമങ്ങളിൽ അതിമനോഹരവും സർവ്വതല സ്പർശിയുമായ ഒന്നായി ഇത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഭാഷാശൈലിയിലും, അലങ്കാരപ്രയോഗങ്ങളിലും പ്രതിരൂപാത്മകതയിലും സർവ്വോപരി കാവ്യഭംഗിയിലും ഇത് പൗരാണികതയെ വെല്ലുന്നതാണ്. എന്നിരുന്നാലും അന്യൂനമെന്ന് ഇതിനെ വിളിച്ചുകൂടാ. ഏതാണ്ട് ഒരു സഹസ്രാബ്ദമായി ഇതിൽ പരിഷ്ക്കരണങ്ങൾ ഒന്നുംതന്നെ വരുത്താത്തതിനാൽ പുതിയ കാലഘട്ടത്തിന്റെ concerns ഒന്നും തന്നെ ഇതിൽ ഉൾക്കൊണ്ടിട്ടില്ല. ഉദാഹരണത്തിന് നശിക്കുന്ന പ്രകൃതി, തകരുന്ന കുടുംബബന്ധങ്ങൾ, നാഗരീകസംസ്കാരത്തിന്റെ വെല്ലുവിളികൾ, കാലത്തിന്റെ കരിനിഴലുകൾ, പതിതരുടെ ദൈന്യതകൾ സഹജീവിതളോടുള്ള കടമകൾ, സത്ജീവിതത്തിനുള്ള അർപ്പണഭാവം മുതലായവയൊന്നും ഈ ആരാധനക്രമത്തിൽ വേണ്ടത്ര പ്രതിഫലിക്കുന്നില്ല. കൂടാതെ അത് മധ്യപൂർവ്വദേശത്തിന്റെ ഒരു ഉൽപന്നമാണ്. ഇന്ത്യൻ ആരാധനാപാരമ്പര്യങ്ങളുമായി ബന്ധപ്പെടുത്തി ഒരു തദ്ദേശിയത ഇതിൽ വരുത്തിയിട്ടില്ല.

**അതുകൊണ്ട് നിലവിലിരിക്കുന്ന ആരാധനാക്രമത്തിന് ആധുനികവൽക്കരണവും തദ്ദേശവൽക്കരണവും നടത്തേണ്ടതുണ്ടെന്നാണോ അഭിപ്രായം?**

ഇവിടെ രണ്ടു കാര്യങ്ങൾ നടക്കേണ്ടതുണ്ട്. ഒന്ന് ആരാധനയുടെ പരിഷ്ക്കരണം. രണ്ട് ആരാധനയുടെ സുന്ദരവും ഭക്തിസംവർദ്ധകവുമായ അവതരണം. ഇതിൽ രണ്ടാമത്തേതാണ് കൂടുതൽ അടിയന്തരമായി നടപ്പിലാക്കേണ്ടത്. അതിൽ പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. (1) പ്രകടനപരവും കൃത്രിമത്വം നിറഞ്ഞതുമായ ചൊല്ലലും പരിധിവിട്ടുള്ള അംഗവിക്ഷേപങ്ങളും ചാഞ്ചാട്ടവും ശബ്ദകോലാഹലങ്ങളും ആരാധനയ്ക്ക് യോജിക്കുന്നില്ല. അവ ആരാധകരുടെ ഏകാഗ്രത നഷ്ടപ്പെടുത്തും. എല്ലാവിധത്തിലുമുള്ള അസ്വാഭാവികത ഒഴിവാക്കുകയാണ് വേണ്ടത്. (2) ആരാധനയിൽ ശബ്ദം മിതം ആയിരിക്കണം. ഉച്ചാരണശുദ്ധിയിൽ ശ്രദ്ധിക്കുകയും വേണം. (3)ആരാധനയിൽ സമയനിഷ്ഠവേണം. അത് ക്രമം വിട്ട് ദീർഘിപ്പിക്കുകയോ ധൃതിപ്പെട്ട് അവസാനിപ്പിക്കുകയോ ചെയ്യരുത്. മുഖ്യകാർമ്മികൻ കർത്തൃപ്രാർത്ഥനയ്ക്ക് തുടക്കമിട്ട ശേഷം കൈ കഴുകാൻ പോകുന്നതും 'കൃപനിറഞ്ഞ മറിയമേ' ചൊല്ലിക്കൊടുത്തിട്ട് കുരിശുമൊത്തിക്കുവാൻ തുടങ്ങുന്നതുമൊക്കെ തിടുക്കത്തിന്റെ ലക്ഷണമാണ്. (4) ചിന്തയ്ക്കും ധ്യാനത്തിനും പാപബോധനത്തിനും വക നൽകുന്നതും ക്രിസ്തീയ ജീവിതത്തിന് മാർഗ്ഗദർശകവുമായ വചനശുശ്രൂഷ യഥാസമയം ആരാധനയോടൊപ്പം നിർവ്വഹിക്കേണ്ടതുണ്ട്. (5) ആരാധനയുടെ ശബ്ദം ആരാധകസമൂഹത്തിന് വ്യക്തവും എന്നാൽ പരിധിവിടാതെ പള്ളിയകത്ത് ഒതുങ്ങുന്നതുമായി ക്രമീകരിക്കേണ്ടതാണ്. (6) ആരാധനയിൽ എല്ലാവരും പങ്കുകൊള്ളണം. അത് കാർമ്മികന്റെയും ശുശ്രൂഷകരുടെയും ഗായകസംഘത്തിന്റെയും മാത്രമാകാതെ വന്നുചേർന്ന എല്ലാവരുടെയും സജീവപങ്കാളിത്തത്തോടെ ആകണം. (7) ഗീതങ്ങൾ അവയുടെ പശ്ചാത്തല സംഗീതധ്വനിയിൽ മുങ്ങിപ്പോയി വ്യക്തത നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. (8) വിശ്വാസികൾ എല്ലാവരും യഥാസമയം ആരാധനക്കെത്തുന്നത് ശീലമാക്കണം. 9) വചനശുശ്രൂഷ, വി. കുർബ്ബാന നൽകൽ, മധ്യസ്ഥ പ്രാർത്ഥന മുതലായവ നിർദ്ദിഷ്ട സമയത്തുതന്നെ നിർവ്വഹിക്കപ്പെടുവാൻ ശ്രദ്ധിക്കണം. (10) പള്ളിയകത്ത് സ്ഥലനഷ്ടം ഉണ്ടാക്കാതെ നിരനിരയായി നിന്ന് അച്ചടക്കത്തോടെ ആരാധനയിൽ പങ്കുചേരുവാൻ എല്ലാവരും മനസ്സുവയ്ക്കണം. (11) വി. കുർബ്ബാനയ്ക്കുശേഷമുള്ള അറിയിപ്പുകൾ നല്ല ഭാഷയിലും ഹ്രസ്വമായും നിർവ്വഹിക്കണം. (12) ഞായറാഴ്ചകളിൽ വി. ആരാധനക്കുശേഷം സൺഡേസ്കൂൾ, ഭക്തസംഘടനാ സമ്മേളനങ്ങൾ എന്നിവയ്ക്ക് തടസ്സമുണ്ടാകാത്തവിധം മറ്റുകാര്യങ്ങൾ ക്രമീകരിക്കുക.

**പള്ളിയിൽ കല്പനവായന, അറിയിപ്പുകൾ തുടങ്ങിയവയ്ക്ക് ഏറെ സമയമെടുക്കാറുണ്ടല്ലോ?**

അത്യാവശ്യകാര്യങ്ങൾക്ക് സമയം വിനിയോഗിക്കാതെ തരമില്ലല്ലോ. എന്നിരുന്നാൽ തന്നെയും കല്പനകൾ അത്യാവശ്യസന്ദർഭങ്ങളിൽ മാത്രം പുറപ്പെടുവിക്കാൻ എഴുതുന്നവർ ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ളവ അറിയിപ്പുരൂപത്തിൽ നൽകുവാൻ വികാരിമാർക്ക് നിർദ്ദേശം നൽകിയാൽ മതിയാകും. പ്രത്യേകം ഓർക്കേണ്ട കാര്യങ്ങൾ നോട്ടീസ് രൂപത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യാം.

**വി. കുർബ്ബാന ആരംഭിക്കുന്നതിന് മുമ്പായി പട്ടക്കാരൻ ഓരോരുത്തർക്കായി പാപമോചനക്രിയ നിർവ്വഹിക്കുന്നത് സമയനഷ്ടത്തിനും പ്രാർത്ഥന അലങ്കോലപ്പെടുന്നതിനും ഇടവരുത്തുന്നുണ്ടല്ലോ. അതെങ്ങനെ പരിഹരിക്കാം?**

ജനത്തെക്കൊണ്ട് പൊതുവായി പാപമോചനപ്രാർത്ഥന ഏറ്റുചൊല്ലിക്കുകയും അതിനുശേഷം പൊതുവിൽ തന്നെ പാപമോചനം നൽകുകയും ചെയ്യുകയുമാണ് കരണീയം. സത്യകുമ്പസാരം (confession) കൂടാതെയുള്ള പാപമോചനം (absolution) അംഗീകാരമുള്ളതല്ല. അതുകൊണ്ട് സാധാരണ സന്ദർഭങ്ങളിൽ മുൻപറഞ്ഞ രീതിമതിയാകും.

**ആരാധനാക്രമം പരിഷ്ക്കരിക്കുന്ന കാര്യം പറഞ്ഞല്ലോ. അതെവിടെയെല്ലാം ആവശ്യമാണ്? തലമുറകളായി ഉപയോഗിച്ചുവരുന്ന ആരാധനാക്രമത്തിൽ മാറ്റം വരുത്തുന്നത് അപരാധമല്ലേ?**

നമ്മുടെ ആരാധനാക്രമം പല പ്രാവശ്യം പരിഷ്ക്കരിക്കപ്പെട്ട ചരിത്രമുണ്ട്. ഏഴാം നൂറ്റാണ്ടു മുതൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്നു മാത്രം. ഒന്നാം നൂറ്റാണ്ടിലെ വി. കുർബ്ബാനക്രമം പത്താം നൂറ്റാണ്ടിലേതുമായി ഏറെ വ്യത്യാസമുള്ളതാണ്. അതായത് ചരിത്രപരമായി ആരാധനാപരിഷ്കരണത്തിന് തടസ്സമില്ല.

**എന്തുകൊണ്ടാണ് ആരാധനാക്രമത്തിന് പരിഷ്ക്കരണം ആവശ്യമായിവരുന്നത്?**

ആരാധനാക്രമങ്ങൾ രചിക്കപ്പെട്ട സാമൂഹ്യ-പ്രാദേശിക സാഹചര്യങ്ങളിൽ നിന്ന് ഏറെ വ്യത്യാസപ്പെട്ട ചുറ്റുപാടുകളിലാണ് ഇന്ന് അത് ഉപയോഗിച്ചുവരുന്നത്. ആദ്യ നൂറ്റാണ്ടുകളിൽ മധ്യപൂർവ്വദേശത്ത് രൂപം കൊണ്ട ആരാധനാക്രമത്തിന് ഇന്ത്യപോലുള്ള ദേശങ്ങളിൽ 21-ാം നൂറ്റാണ്ടിൽ പ്രസക്തി കുറഞ്ഞുപോകുന്നു. അടിസ്ഥാനപരമായി ആരാധന കാലാനുസൃതവും അർത്ഥവത്തും ആക്കുകയാണ് ആരാധനാപരിഷ്ക്കരണത്തിന്റെ ലക്ഷ്യം.

**പിതാക്കന്മാർ രചിച്ചിട്ടുള്ള അനഫോറകൾ കാലാകാലങ്ങളിൽ യഥേഷ്ടം എഡിറ്റ് ചെയ്യാമോ?**

ഇതിനോടകം എഡിറ്റിങ് നടത്തിയിട്ടുള്ളതായി മുമ്പു പറഞ്ഞല്ലോ. കർത്താവിൽ നിന്ന് നേരിട്ടു കേട്ടു പഠിച്ച് യാക്കോബ് ശ്ലീഹാ രേഖപ്പെടുത്തിയതെന്നു കരുതിപ്പോരുന്ന തക്സാപോലും പലതവണ പരിഷ്ക്കരണ വിധേയമായിട്ടുണ്ട്. നാം ഉപയോഗിക്കുന്ന വി. യാക്കോബിന്റെ തക്സായും ഗ്രീക്ക് സഭക്കാർ ചൊല്ലുന്ന യാക്കോബിന്റെ തക്സായും തമ്മിൽ ഗണ്യമായ വ്യത്യാസങ്ങൾ കാണുന്നതുതന്നെ അത് പരിഷ്ക്കരണ വിധേയമായിട്ടുണ്ടെന്നാണ് കാണിക്കുന്നത്. അങ്ങനെയെങ്കിൽ മറ്റ് അനഫോറകൾ പരിഷ്ക്കരിക്കുന്നതിൽ എന്താണ് തടസ്സം? മാത്രമല്ല, പിതാക്കന്മാർ ആരാധനാക്രമങ്ങൾ എഴുതിയത് അതാതുകാലങ്ങളിലെ വിശ്വാസസമൂഹങ്ങളിലെ വിശ്വാസികളുടെ ആവശ്യത്തിനാണ്. അവയ്ക്ക് ഇന്നത്തെ സാഹചര്യത്തിൽ പൂർണ്ണപ്രസക്തിയും പരിഗണനയും ഉണ്ടായിരിക്കുകയില്ല.

**അങ്ങനെയെങ്കിൽ പുതിയ തക്സാകളുടെ രചനയും ഉണ്ടായിക്കൂടെ?**

അതുണ്ടാകുന്നതിനും നമ്മുടെ സഭാപാരമ്പര്യത്തിൽ തടസ്സമില്ല. 13-ാം നൂറ്റാണ്ടുവരെ പുതിയ ആരാധനാക്രമങ്ങളുടെ രചന നടന്നുവന്നിരുന്നു. സഭയുടെ അധഃപതനം ആരംഭിച്ചതോടെയാണ് പുതിയവ രചിക്കപ്പെടാതായത്. 13-ാം നൂറ്റാണ്ടുവരെ പുതിയ ആരാധനാക്രമങ്ങൾ ഉണ്ടാകാമെങ്കിൽ 21-ാം നൂറ്റാണ്ടിലും ഉണ്ടാകാമെന്നത് ന്യായമാണ്. അതുകൊണ്ട് പഴയ ക്രമങ്ങളുടെ പരിഷ്ക്കരണവും പുതിയവയുടെ നിർമ്മാണവും ഉണ്ടാകേണ്ടവതന്നെ.

**നിലവിലുള്ള തക്സാകൾ അവയിൽ പേരുചേർക്കപ്പെട്ടിട്ടുള്ളവർ തന്നെ എഴുതിയവയാണോ?**

പിൻകാലത്ത് രചിക്കപ്പെട്ട ആരാധനാക്രമങ്ങൾ മിക്കവയും എഴുതിയത് അവയിൽ പേർ ചേർക്കപ്പെട്ടിട്ടുള്ളവർ തന്നെയാണ്. മറ്റുള്ളവയിൽ പലതും പൂർവ്വപിതാക്കന്മാരുടെ പേരിൽ മറ്റുള്ളവർ പിൻകാലങ്ങളിൽ എഴുതിയിട്ടുള്ളതാണ്. അതുകൊണ്ടാണ് രണ്ടാം നൂറ്റാണ്ടിലും മറ്റും രചിക്കപ്പെട്ടതായി പറയുന്ന തക്സാകളിൽ മൂന്നു പൊതുസുന്നഹദോസുകളിൽ രൂപപ്പെട്ട സത്യവിശ്വാസമെന്നൊക്കെ പരാമർശമുള്ളത്. കൂടാതെ ഈവാനിയോസ് ക്രിസോസ്റ്റമോസിന്റെ പേരിൽ ഉള്ള ക്രമം ഈവാനിയോസ് ദാറായുടെ കൃതിയാണ്. പിതാക്കന്മാരുടെ പേരിൽ ആരാധനാക്രമങ്ങൾ എഴുതുന്ന പതിവ് നിലവിലുണ്ടായിരുന്നു.

**ആരാധനാക്രമങ്ങളിൽ ഏതെല്ലാം പരിഷ്ക്കാരങ്ങളാണ് അടിയന്തരമായി വരേണ്ടത്?**

ഭാഷാ പ്രയോഗങ്ങൾ, കാല്പനികരൂപങ്ങൾ (imagery), വേദശാസ്ത്രചിന്തകൾ തുടങ്ങിയവയിൽ തിരുത്തലുകൾ ആവശ്യമാണ്.

**വിശദീകരിക്കാമോ?**

ഭാഷയ്ക്ക് നിരന്തരം വളർച്ചയും മാറ്റവും സംഭവിച്ചുകൊണ്ടിരിക്കുന്നു. ചില വാക്കുകളും പ്രയോഗങ്ങളും പഴഞ്ചനായി അനാകർഷ്യും ഉപയോഗമില്ലാത്തതുമായി കൊണ്ടിരിക്കുന്നു. 'പുക്കുദ്യാന ദ്വാരങ്ങൾ' ''എരിയായ്‌വാൻ നിൻജ്വാലയതിൽ' 'ഉണ്ടേമേലും നിന്നോർമ്മ' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കാലഹരണപ്പെട്ടവയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലെ മലയാളവും ഇന്നത്തെ മലയാളവും എത്ര വ്യത്യസ്തമാണ്! ഈ മാറ്റങ്ങൾ ആരാധനാക്രമത്തിലെ ഭാഷയിലും വരുത്തി ഭാഷയെ നവീകരിക്കേണ്ടതുണ്ട്. മൂലരൂപത്തിൽ വന്നുപോയിട്ടുള്ള ചില ഭാഷാപരവും വസ്തുതാപരവുമായ സ്ഖലിതങ്ങളെയും തിരുത്തേണ്ടതുണ്ട്. ''ബഹുമാനപ്പെട്ട പട്ടക്കാരന്റെ പ്രാർത്ഥന ഏറ്റുചെല്ലണം'' എന്ന ശുശ്രൂഷക്കാരന്റെ ആഹ്വാനത്തെ തുടർന്ന് പട്ടക്കാരൻ ചൊല്ലിത്തരുന്നത് പ്രാർത്ഥനയല്ല; സഭയുടെ വിശ്വാസപ്രമാണമാണ്. 'പട്ടക്കാരന്റെ പ്രാർത്ഥന' എന്നത് തിരുത്തപ്പെടേണ്ടതല്ലേ? നിലവിലുള്ളതിൽ ഏറ്റവും അന്യൂനവും ആകർഷകവുമായ ഭാഷയിലേക്ക് ആരാധനാക്രമത്തെ നവീകരിക്കേണ്ടതുണ്ട്.

രണ്ടാമതായി നമ്മുടെ ആരാധനാക്രമങ്ങൾ സുറിയാനിയിൽ നിന്ന് പദാനുപദം ഭാഷാന്തരം ചെയ്യപ്പെട്ടവയാണ്. തർജ്ജമയ്ക്ക് ഒരിക്കലും തന്നെ മൂല (original) ത്തിന്റെ ഹൃദയ

ഹാര്യത കൈവരികയില്ല. പ്രത്യേകിച്ചും ചില ശൈലിപ്രയോഗങ്ങളുടെ കാര്യത്തിൽ. ഇത്തരം പദങ്ങൾക്കും ശൈലികൾക്കും പകരംവയ്ക്കാൻ യോജിച്ച പ്രയോഗങ്ങൾ കണ്ടെത്തി ഭാഷയ്ക്ക് പുതുമയും ജീവനും നൽകേണ്ടതാണ്.

മൂന്നാമതായി മൂലത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള കാവ്യസങ്കൽപ (imagery) ങ്ങളിൽ പലതിനും പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഫ്യൂഡൽ വ്യവസ്ഥിതി പ്രതിഫലിപ്പിക്കുന്ന ലോകവീക്ഷണവും ഭാഷാപ്രയോഗവും, രൂപകങ്ങളുമെല്ലാം ഇന്നും ആരാധനാക്രമത്തിൽ നിലനിൽക്കുന്നു. ഉദാഹരണത്തിന് ദൈവത്തെ പ്രതിനിധാനം ചെയ്യാൻ 'രാജാവ്' 'രാജാധിരാജൻ' 'പ്രഭു' തുടങ്ങിയ പദങ്ങൾ പ്രയോഗിച്ചുകാണുന്നു. ഈ സംജ്ഞകളെല്ലാം ആധുനിക ജനാധിപത്യയുഗത്തിൽ മേനിമങ്ങിയ ശബ്ദങ്ങളാണ്. ഇന്ന് 'രാജാവ്' എന്ന പദം അക്രമവും കൊലയും നടത്തിയ സ്വേച്ഛാധിപതിയായ ഒരു ഭരണകർത്താവിന്റെ ചിത്രമാണ് പ്രത്യേകിച്ച് ഇളം തലമുറയുടെ മനസ്സിൽ വിരിയിക്കുന്നത്. അതുപോല തന്നെ 'ആട്' 'ഇടയൻ' എന്നീ രൂപങ്ങളും പരിഷ്കൃത നാഗരീക സമൂഹത്തിൽ അന്യപ്പെട്ടുപോയ പ്രമേയങ്ങളാണ്. 'ലബനോന്റെ കാരകിൽ' എന്നു കേൾക്കുമ്പോൾ അതിനോടു ബന്ധമില്ലാത്ത എന്തൊക്കയൊ സങ്കൽപിച്ചു പോകുന്നു. ഇതെല്ലാം കാലത്തിനും ദേശത്തിനും ചേരും വിധം പകരം വയ്ക്കപ്പെടേണ്ടതാണ്.

**ഇന്നത്തെ ആരാധനാക്രമങ്ങളോട് കൂട്ടിച്ചേർക്കപ്പെടേണ്ട കാര്യങ്ങളും ഉണ്ടാകുമല്ലോ?**

തീർച്ചയായും. ആധുനിക മനുഷ്യന്റെ ജീവിത സാഹചര്യങ്ങളെ ആരാധനയിൽ അഭിസംബോധന ചെയ്ത് ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടതുണ്ട്. പ്രകൃതിയുടെ സംരക്ഷണം, കുടുംബത്തിന്റെ കെട്ടുറപ്പ്, സമൂഹത്തിന്റെ ക്ഷേമം, ഭരണാധികാരികളുടെ അഴിമതി, ലോകത്തിന്റെ ശാന്തി, സമത്വത്തിന്റെ സന്ദേശം, ചൂഷണത്തിന്റെ പൈശാചികത്വം, ഭീകരപ്രവർത്തനങ്ങളിലെ കിരാതത്വം, അക്രമരാഹിത്യത്തിന്റെ അജയ്യത എന്നിവയെല്ലാം ആരാധനയിൽ സ്പർശിക്കപ്പെടേണ്ടതാണ്. നഗരങ്ങളിൽ പ്രത്യേകിച്ച് കേരളത്തിനു വെളിയിൽ ഉള്ള വൻ നഗരങ്ങളിൽ ധാരാളം യുവജനങ്ങൾ 'Free Church' കളുടെ ആരാധനയിൽ പോയി സംബന്ധിക്കുന്നതായി അറിയുന്നു. ആ സഭയുടെ രീതി ഭാഗികമായി നമുക്കും ഉൾക്കൊള്ളാവുന്നതല്ലേ? ഇല്ലെങ്കിൽ യുവജനങ്ങളെ ധാരാളമായി നമുക്കു നഷ്ടപ്പെട്ടെന്നു വരാം.

ഇതിനു ഭാഗികമായ കാരണം സഭയുടെ യുവജനങ്ങളെ കരുതാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയാണ്. പങ്കാളിത്തപ്രവർത്തനമേഖലയുടെ സൃഷ്ടിക്ക് സഭയിൽ കാര്യമായ ശ്രമമില്ല. Free Church ആരാധന അതേപടി ഉൾക്കൊള്ളാൻ നമുക്കു സാധിക്കുകയില്ല. കാരണം ആരാധന പാരമ്പര്യവും വേദശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യമാണ്. എന്നിരുന്നാലും യുവജനങ്ങൾക്കുവേണ്ടി ആരാധനയിൽ അനുവദനീയമായ flexibility വരുത്തുന്ന കാര്യം സഭ ആലോചിക്കേണ്ടതാണ്. നമ്മുടെ ആരാധന യുവജനങ്ങൾക്ക് എത്രമാത്രം അർത്ഥവത്തും ആകർഷകവുമായി അനുഭവപ്പെടുന്നുണ്ട് എന്നതിന്റെ സ്പന്ദന പരിശോധന ആവശ്യമായിരിക്കുന്നു. ആരാധനയെ സംബന്ധിച്ച ആവശ്യബോധവും അതിന്റെ വശ്യതയും പരമാവധി സഭാംഗങ്ങളിൽ വളർത്തുവാനുള്ള ഒരു തീവ്രശ്രമത്തിന് സഭ തയ്യാറാകണം. ആദിമ ക്രൈസ്തവ സഭയിൽ ആരാധന കുറേക്കൂടി സ്വതന്ത്രമായിരുന്നു എന്ന് ഹിപ്പോലിറ്റിന്റെ അപ്പോസ്തോലിക ഭരണഘടന സാക്ഷിക്കുന്നു. തുറന്ന മനസ്സോടെ ഈ വിഷയത്തെ സമീപിക്കുവാൻ സഭയ്ക്ക് സാധിക്കണം.




ലേഖനം

# സ്നേഹവും കഷ്ടതയും

ഫാ. ജോണി ജോർജ്ജ്, ആലുവ

'ഏശാവിന് നാല്പതു വയസ്സായപ്പോൾ അവൻ ഹിത്യനായബേരിയുടെ മകൾ യഹൂദീത്തിനേയും ഹിത്യനായ ഏലോന്റെ മകൾ ബാസമത്തിനേയും ഭാര്യമാരായി സ്വീകരിച്ചു. അവർ യിസ്ഹാക്കിനും റിബേയ്ക്കും മനോവ്യസനകാരണമായിരുന്നു.' (ഉല്പത്തി 26: 35)

അതിന് രൂത്ത് - (അമ്മാവിയമ്മയായ നവോമിയോട്) "നിന്നെ വിട്ടുപിരിയാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകാനും എന്നോട് പറയരുതേ, നീ പോകുന്നേടത്ത് ഞാനും പോരും നീ പാർക്കുന്നേടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടു പിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോട് ചെയ്യുമാറാകട്ടെ" എന്ന് പറഞ്ഞു (രൂത്ത് 1:16,17)

Successful Marriage എന്ന് പറയാറുണ്ട്. Successful Marriageന്റെ മാനദണ്ഡം എന്താണ്? പ്രശ്നരഹിതമായ ഒരു വിവാഹ ജീവിതത്തെയാണോ ഉദ്ദേശിക്കുന്നത്? സമീപഭാവിയിൽ വിവാഹിതരാകുന്ന 60–ലേറെ യുവതീയുവാക്കൾ പങ്കെടുത്ത ഒരു Premarital Counselling Course-ൽ ഈ ചോദ്യം ഞാനവരോട് ചോദിച്ചു. എല്ലാവരും അഭ്യസ്തവിദ്യർ. അവരെല്ലാവരും തന്നെ പറഞ്ഞ ഉത്തരം ശ്രദ്ധേയമായിരുന്നു. ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങളേയും പ്രതിസന്ധികളെയും പ്രശ്നങ്ങളേയും ക്ഷമയോടെ, പരസ്പര ധാരണയോടെ നേരിടുമ്പോഴാണ് അങ്ങനെ പറയാൻ സാധിക്കുന്നത്. അന്യോന്യമുള്ള ബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർ കള്ളവും ചതിയും പ്രയോഗിക്കാതെ നേരിന്റെ മാർഗ്ഗം സ്വീകരിക്കണം. നുണയും മറച്ചുവയ്ക്കലും ഉണ്ടാകരുത്. സ്നേഹമായിരിക്കണം അടിസ്ഥാനം. പ്രശ്നരഹിതമായ ജീവിതമെന്ന് ആരും പറഞ്ഞില്ല. ഇതോട് ചേർത്ത് അനേകകാര്യങ്ങൾ പറയാനുണ്ടാകും. പക്ഷേ, അവയെല്ലാം അനുബന്ധമായി ചേർക്കേണ്ടവയാണ്.

ഉത്തമകുടുംബങ്ങളെപ്പറ്റിയുള്ള പരാമർശം പലപ്പോഴും കാണപ്പെടുന്നുണ്ട്. ഭാര്യാഭർത്താക്കൻമാരെക്കുറിച്ച് Made for each other എന്ന് അല്പം അസൂയ പകർന്ന ഭാവത്തിൽ പരാമർശിക്കാറുമുണ്ട്. ഈ തരത്തിലുള്ള വളർച്ച വിവാഹ ജീവിതത്തിൽ അഭിലഷണീയമാണെങ്കിലും പ്രയോഗിക ജീവിതത്തിൽ കാണപ്പെടുന്നില്ല എന്ന കാര്യം നിഷേധിച്ചിട്ടു കാര്യമില്ല. അന്യോന്യമുള്ള ബന്ധത്തിൽ അകൽച്ച കൂട്ടാതെ അടുപ്പം വർദ്ധിപ്പിക്കാൻ എന്ത് ചെയ്യാൻ കഴിയുമെന്നാണ് പരിശോധിക്കേണ്ടത്.

**1. സ്നേഹം**

സ്നേഹത്തെ നൈസർഗ്ഗികമായ ഒരു വികാരമായി പലരും പറയാറുണ്ട്. ക്രിസ്തീയ സ്നേഹത്തെ 'അഗപ്പെ' എന്ന ഗ്രീക്കുപദത്തെ ആധാരമാക്കി എടുത്തു കാണിക്കാറുമുണ്ട്. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ അത് നിർവ്യാജ സ്നേഹമാണ്. സ്നേഹം കേവലമൊരു തോന്നലോ (feelings) വികാരമോ (emotion) മാത്രമാണോ? സ്നേഹിക്കുന്നതിന് ശ്രദ്ധയോടെയുള്ള ശ്രമം ആവശ്യമല്ലേ? ശ്രമിച്ചുണ്ടാക്കി വളർത്തേണ്ടതല്ല സ്നേഹം. വ്യക്തികളോട് സ്നേഹം തോന്നുന്നത് വ്യത്യസ്തമായ തരത്തിലാണല്ലോ. നാം അറിയാതെ തന്നെ ചില വ്യക്തികളോട് നമുക്ക് അകൽച്ച തോന്നാറുണ്ട്. ചിലരോട് പ്രത്യേകമായ ആകർഷണവും മറ്റു ചിലരോട് വികർഷണവുമാണ് അനുഭവപ്പെടുക. ഈ ആകർഷണത്തിന് Chemical compatability എന്നും അകൽച്ചയ്ക്ക് Chemical incompatability എന്നും പറയുന്നു. ശരീരത്തിൽത്തന്നെയുണ്ടാകുന്ന രാസപ്രക്രിയയുടെ ഫലമായുണ്ടാകുന്ന അവസ്ഥയാണ് ഇത്. ഇങ്ങനെയുള്ളവർ തമ്മിൽ ഒന്നിച്ച് ജീവിക്കേണ്ടിവരുമ്പോൾ കൂടുതൽ ശ്രദ്ധ ആവശ്യമായി വരും. കർത്താവിന്റെ പർവ്വത പ്രസംഗത്തിൽ പറഞ്ഞ കാര്യം വളരെ ശ്രദ്ധേയമാണ്. കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്കുക എന്നും എന്നും അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" (വി. മത്താ 5:44) ശുത്രുവിനെ സ്നേഹിക്കാനും അവനുവേണ്ടി പ്രാർത്ഥിക്കാനുംമനഃപൂർവ്വമായ ഒരു ശ്രമം ആവശ്യമാണ്. സ്നേഹം വളർത്തുമ്പോൾ മാത്രമേ ശത്രുത കുറയുകയുള്ളു. ഇവിടെയാണ് പ്രാർത്ഥനയുടെ ആവശ്യം. സ്നേഹവും പ്രാർത്ഥനയും പരസ്പര പൂരകങ്ങളാണ്.

സ്പാനീഷ് ഭാഷയിൽ morena എന്ന ഒരു വാക്കുണ്ട്. അതിന് home-sickness എന്നോ little death എന്നോ അർത്ഥം കൊടുക്കാം. I miss you എന്ന് പറയാൻ ഇടയാകുന്ന ഒരവസ്ഥയാണ് അത്. ദമ്പതികൾ തമ്മിൽ അങ്ങനെയുള്ള ഒരു അവസ്ഥയിലേക്കുള്ള വളർച്ചയാണ് ആവശ്യം. മദർ തെരേസ hurting love നെ കുറിച്ച് പറയുന്നുണ്ട്. മറ്റൊരാളെ സ്നേഹിക്കുമ്പോൾ സ്വന്ത ജീവിതത്തിൽ ഒന്ന്-ഒരു ആഗ്രഹം, ഒരാവശ്യം-ത്യജിക്കാതെ അത് സാധിക്കുകയില്ല. വി. അഗസ്തീനോസ് പറഞ്ഞത് ശ്രദ്ധിക്കുക: You love and do whatever you want to

യഥാർത്ഥ സ്നേഹമുള്ളിടത്ത് മറ്റൊരാൾക്ക് വിരുദ്ധമായി വരുന്ന ഒരുകാര്യം ചെയ്യുവൻ സാധിക്കുകയില്ല എന്നാണല്ലോ ഇവിടെ സൂചന.

**2. കഷ്ടത / കഷ്ടപ്പാട്**

കഷ്ടത എന്നത് ജീവിതത്തിലെ ഒരു യാഥാർത്ഥ്യമാണ്. ലോകത്തിൽ കഷ്ടതയുണ്ട്. സത്യം. "എങ്കിലും ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു." (വി. യോഹ. 16:33) എന്ന് യേശുക്രിസ്തു അരുളി ചെയ്തു. കഷ്ടത നിറഞ്ഞ ജീവിതത്തിന്മേലുള്ള വിജയമായിരുന്നു യേശുക്രിസ്തുവിന്റേത്. അതാണ് നമുക്കും മാർഗ്ഗ ദർശകമായിരിക്കേണ്ടത്.

പഴയ നിയമത്തിലെ രൂത്തിന്റെ പുസ്തകം പുതിയ ഉൾക്കാഴ്ചകൾ നൽകുന്നതാണ്. കഷ്ടതയ്ക്ക് പുതിയ മാനം നൽകുന്നു. ജീവിതം നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാണല്ലോ. മാറ്റങ്ങൾക്കനുസരിച്ച് ജീവിത വീക്ഷണങ്ങൾക്കും വ്യക്തിബന്ധങ്ങൾക്കും മാറ്റങ്ങളുണ്ടാകുന്നു. ഇതിന്റെ ഇടയിലാണ് ജീവിതത്തിന് അർത്ഥം കണ്ടെത്തേണ്ടത്. രൂത്തിന്റെ ജീവിതം പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടിരിക്കുന്നു. കണ്ണുനീരും വേദനയും കയ്പേറിയ അനുഭവങ്ങളും ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. പക്ഷേ, സ്നേഹം കൊണ്ട് അവൾ എല്ലാറ്റിനേയും നേരിട്ടു.

ജന്മനാടായ ബേത്‌ലഹേം വിട്ടുപോകേണ്ട ഒരു സാഹചര്യമാണ് നവോമിയുടെ ജീവിതത്തിൽ ആദ്യമുണ്ടായത്. അത് സാമൂഹ്യ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാക്കി. ദാരിദ്ര്യം, ബന്ധങ്ങളുടെ അറ്റുപോകൽ, കുടിയേറ്റത്തിന്റെ ഫലമായുണ്ടാകുന്ന വിവിധതര പ്രയാസങ്ങൾ എന്നിവയെല്ലാം അനുഭവിക്കേണ്ടതായി വന്നു. കൂടാതെ ഭർത്താവായ എലീമേലേക്കും മക്കളായ മഹ്ളോനും കില്യോനും മോവാഹ് ദേശത്തു വച്ച് മരിച്ചു. തികച്ചും നിരാശാപൂർണ്ണമായ ഒരന്തരീക്ഷം. ഈയൊരവസ്ഥയിൽ നവോമി വിലപിക്കുന്നു. സർവ്വശക്തൻ എന്നോടു ഏറ്റവും കയ്പായുള്ളത് പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി. ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കിവരുത്തിയിരിക്കുന്നു. യഹോവ എനിക്ക് വിരോധമായി സാക്ഷീകരിക്കുകയും സർവ്വശക്തൻ എന്നെ ദുഃഖിപ്പിക്കുകയും ചെയ്തിരിക്കെ നിങ്ങൾ എന്നെ നവോമി എന്നു വിളിക്കുന്നത് എന്ത്? (1:20-21) തന്റെ ഹൃദയ വേദനയെക്കുറിച്ച് ഒന്നാം അദ്ധ്യായത്തിൽ മൂന്ന് പ്രാവശ്യം നവോമി വിലപിക്കുന്നുണ്ട്.

ഇവിടെ ശ്രദ്ധേയമായ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, ദുഃഖത്തിന്റെയും ഉൽക്കടമായ ഹൃദയവ്യഥയുടെയും മദ്ധ്യത്തിൽ സ്വാർത്ഥത വെടിഞ്ഞ് അമ്മാവിയമ്മയായ നവോമി പുത്രഭാര്യമാരായ ഓർപ്പയോടും രൂത്തിനോടും തന്നെ വിട്ടുപോയി വിവാഹഹം കഴിച്ച് ജീവിക്കാനാണ് പറയുന്നത്. മരുമക്കളുടെ ഭാവിയായിരുന്നു നവോമിക്ക് പ്രധാനം. രണ്ട്, മരുമകളായ ഓർപ്പ വിട്ടുപോയെങ്കിലും യുവതിയായ രൂത്ത് അമ്മാവിയമ്മയോടൊപ്പം നിന്ന് കയ്പ്പേറിയ അനുഭവങ്ങളിൽ താങ്ങും തണലുമായി. അയല്ക്കാരികൾ രൂത്തിനെപ്പറ്റി നവോമിയോട് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. 'നിന്നെ സ്നേഹിക്കുന്നവളും ഏഴ് പുത്രന്മാരേക്കാൾ നിനക്ക് ഉത്തമയുമായിരിക്കുന്ന നിന്റെ മരുമകൾ' (രൂത്ത് 4:15) സ്നേഹത്തിന്റെ ആഴമായ വേരോട്ടമാണ് ഈ രണ്ട് വ്യക്തികളിലും ദൃശ്യമാകുന്നത്. ഇത് കേവലം നൈസർഗ്ഗകമായ ഒരു വികാരം മാത്രമായി കാണാനാവുകയില്ല. ശക്തമായ തീരുമാനത്തിന്റെ ഫലമായുണ്ടായ സ്നേഹമാണ്.

കുടുംബജീവിതത്തിൽ പട്ടിണിയും മരണവും ഏകാന്തതയും രോഗവും എല്ലാം സ്വാഭാവികമായി വന്നു കൂടുന്നവയാണ്. അവയുടെ കാരണങ്ങൾ കണ്ടുപിടിച്ചാൽ ഒരു പക്ഷേ ഒരു പരിധി വരെ അവയെ ഭാവിയിൽ ഒഴിവാക്കാനാവുമെങ്കിലും അതിലുപരിയായി അവയെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താനാണ് നമ്മൾ കൂടുതലായി ശ്രദ്ധിക്കേണ്ടത്. ഇക്കാര്യത്തിൽ നവോമിയുടെയും രൂത്തിന്റെയും ജീവിതം ഉത്തമമായ ഒരു മാതൃകയാണ്.

പ്രശ്നരഹിതമായ ഒരു കുടുംബത്തെ വി. വേദപുസ്തകത്തിൽ കണ്ടെത്താനാവില്ല. അബ്രാഹം, യിസ്ഹാക്ക്, യാക്കോബ്, ദാവീദ് ഇവരെല്ലാം ശ്രദ്ധേയരായ വ്യക്തികളും, അവരുടേത് ശ്രേഷ്ഠ കുടുംബങ്ങളുമായാണ് നമ്മൾ കണക്കാക്കുന്നത്. പക്ഷേ, ആ കുടുംബങ്ങളിലൊക്കെ വേദനയും, ദുഃഖവും മരണവും, വേർപാടും, ദാരിദ്ര്യവും, പകപോക്കലുമൊക്കെയുണ്ടായിരുന്നു. ദാവീദ് വലിയ ഭരണാധിപനും യോദ്ധാവും, കവിയും ആത്മീയ ദർശനമുള്ള ആളുമൊക്കെയായിരുന്നു. പക്ഷേ, ഒരു കുടുംബനാഥനൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ജീവിതം വിജയമായിരുന്നോ? സ്വന്തം മകനായ അബ്ശാലോമിനെ നിലയ്ക്ക് നിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്റെ ജീവിതത്തിന്റെ അവസാന കാലത്ത് അദ്ദേഹം ഇത് തിരിച്ചറിയുന്നുണ്ട്. ഇളയ പുത്രനായ യോസേഫിനോട് യാക്കോബ് കൂടുതൽ ഇഷ്ടം കാണിച്ചതായിരുന്നു. മറ്റു പുത്രന്മാർക്ക് അനിഷ്ടമുണ്ടാവാൻ കാരണം. അതാണല്ലോ പിന്നീട് വലിയ അന്തഃഛിദ്രം ഉണ്ടാകാൻ ഇടയാക്കിയത്. അബ്രാഹം ഗെരാരിൽ പരദേശിയായി പാർക്കുമ്പോൾ സ്വന്തഭാര്യയായ സാറായെ രാജാവായ അബീമേലേക്കിന് കൊടുക്കുവാൻ തയ്യാറായി. ഇതിനുള്ള കാരണം സ്വന്തം ജീവരക്ഷയായിരുന്നു. സ്വാർത്ഥതയായിരുന്നു. (ഉല്പത്തി 20:1-11). ഇവയൊക്കെ ന്യായീകരിക്കാനുള്ള ശ്രമമല്ല ഇവിടെ നടത്തുന്നത്. പ്രത്യുത പ്രശ്നരഹിതമായ കുടുംബങ്ങൾ ഉണ്ടായിരുന്നില്ല എന്ന കാണിക്കാനാണ്. ഈ മഹാ പുരുഷന്മാരെല്ലാം കുറവുള്ളവരായിരുന്നു എങ്കിലും ദൈവാശ്രയത്തടെ ജീവിച്ച് പ്രശ്നങ്ങളെ ക്രിയാത്മകയമായി വീക്ഷിച്ച് തരണം ചെയ്യുകയായിരുന്നു.

ഇംഗ്ലീഷ് ഭാഷയിൽ Crisis (പ്രതിസന്ധി) എന്ന പദത്തിന് ചൈനീസ് ഭാഷയിൽ (opportunity) (അവസരം) എന്നും അർത്ഥമുണ്ട്. എബ്രായഭാഷയിൽ വിശ്വാസം (faith) പിരിമുറുക്കം (tension) എന്നർത്ഥമുള്ള സമാനമായ മറ്റൊരു വാക്കിൽ നിന്നാണുണ്ടായതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ജീവിതത്തിൽ പ്രതിസന്ധി ഉണ്ടാകുമ്പോഴാണല്ലോ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുക.

പ്രശ്നങ്ങളിൽ നിന്ന് ഓടിയൊളിക്കാൻ നമുക്കാവില്ല. അവയെ ക്രിയാത്മക വീക്ഷണത്തോടെ നേരിടുകയാണ് വേണ്ടത്. ഒരു പ്രതിസന്ധിമാറിപ്പോകുമ്പോൾ മറ്റൊന്ന് ഉണ്ടാകാം. വിജയകരമായ കുടുംബമെന്നു പറയുമ്പോൾ അന്യോന്യം വഴക്കു കൂടാത്ത വ്യക്തികൾ തമ്മിൽ അഭിപ്രായവ്യത്യാസമില്ലാത്ത എപ്പോഴും സന്തോഷം വച്ചു പുലർത്തുന്ന സുസ്മേരവദനരായിരിക്കുന്ന അംഗങ്ങളുടെ സമൂഹം എന്നൊന്നും അർത്ഥമില്ല. ഇങ്ങനെയുള്ള ഒരു റൊമാന്റിക് മോഡൽ അസ്വാഭാവികവും സിനിമയിൽ മാത്രം കാണുന്നതുമാണ്.

ഒരു ഹീഡോണിക് (hedonic) വീക്ഷണം പലപ്പോഴും സഭ, പള്ളി, പ്രസ്ഥാനങ്ങൾ, കുടുംബം ഇവയക്കുറിച്ചൊക്കെ നമ്മൾ വച്ചു പുലർത്താറുണ്ട്. ആനന്ദം, കണ്ടെത്തുകയാണ് ജീവിതലക്ഷ്യം. ഓരോ ദിവസവും കൂടുതൽ സന്തോഷം (pleasure) കണ്ടെത്തണം. അതിനുള്ള മാർഗ്ഗം കഷ്ടതയെ മാറ്റിക്കളയുകയാണ്. ഒരു പ്രശ്നമുണ്ടായാൽ സ്വന്തജീവിതത്തിൽ അതിന്റെ സ്വാധീനം ഉണ്ടാവാതിരിക്കാൻ അതിൽ മാറിപ്പോകാനാണ് ഹീഡോണിസം പഠിപ്പിക്കുന്നത്. സഭയിൽ സമാധാനമില്ലെങ്കിൽ അതിൽ നിന്ന് മാറി മറ്റൊന്നിൽ ചേരുക. വ്യക്തിബന്ധത്തിൽ പ്രയാസമുണ്ടെങ്കിൽ ആ ബന്ധം ഉപേക്ഷിച്ച് മറ്റൊരാളുമായി കൂട്ടുചേരുക. എല്ലാ ബന്ധങ്ങളും താല്ക്കാലികം മാത്രം. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അവിടെ നിന്ന് മറ്റൊന്നിലേക്ക് ഈ യാത്ര തുടരുന്നു. മരണത്തോളം എത്തിനിൽക്കുന്ന യാത്ര. ഇതിന് 'മാർക്കോ പോളോ സിൻഡ്രം' എന്ന് പറയാറുണ്ട്. മാർക്കോപോളോ നിരന്തരമായ യാത്രയിലായിരുന്നല്ലോ. എന്നാൽ ഈ വഴിയല്ല ക്രിസ്തീയ പാത.

ഈയോബ്ബിന്റെ കുടുംബം കഷ്ടതയുടെ തീച്ചൂളയിൽ കൂടിയായിരുന്നു കടന്നു പോയത്. ദൈവാശ്രയത്തോടെ എല്ലാറ്റിനെയും അവൻ നേരിട്ടു. ഒരിക്കലെങ്കിലും ദൈവത്തെ തള്ളിപ്പറഞ്ഞില്ല. 'യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറകട്ടെ.' (ഇയ്യോ. 1:21) 'നാം ദൈവത്തിന്റെ കയ്യിൽ നിന്ന് നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?' (2:1) എന്നതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. വേദനയുടെയും നഷ്ടത്തിന്റെയും വേർപാടിന്റെയും അവസാനം എല്ലാം ഇരട്ടിയായി തിരികെ ലഭിച്ചു... മുമ്പെ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിന് ഇരട്ടിയായികൊടുത്തു. (42:10) യഹോവ ഇയ്യോബിന്റെ പിൽക്കാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു. (42:12). കഷ്ടതയുടെ പരിസമാപ്തിയിൽ സന്തോഷത്തിന്റെ പുനഃസ്ഥാപനം (resoration) നടക്കുന്നു.

നവോമിയുടെയും രൂത്തിന്റെയും ജീവിതത്തിന്റെ ആദ്യഘട്ടം ദുഃഖത്തിന്റേതായിരുന്നുവെങ്കിൽ രണ്ടാമത്തെ ഘട്ടം സന്തോഷത്തിന്റേതായിരുന്നു. നവോമിയും രൂത്തും ബേത്ലഹേമിൽ തിരിച്ചെത്തുകയും ചാർച്ചക്കാരനായ ബോവസിനെ കണ്ടുമുട്ടുകയും സ്വന്ത സ്ഥലം വീണ്ടെടുക്കുകയും അവൻ രൂത്തിന് ഭർത്താവായി തീരുകയും ചെയ്തു. രൂത്തിൽ ബോവസ്സിനുണ്ടായ മകനായിരുന്നു ഓബേദ്. ദാവീദിന്റെ അപ്പനായ യിശ്ശായിയുടെ അപ്പൻ ഇവൻ തന്നെ. (രൂത്ത് 4:17) അങ്ങനെ 'യിശ്ശായിയുടെ കുറ്റി'യ്ക്ക് അടിസ്ഥാനമായ വംശാവലിയിൽ രൂത്തും ഒരു കണ്ണിയായി.

സമൃദ്ധിയായ അനുഗ്രഹമാണ് തിരിച്ചു കിട്ടിയിരിക്കുന്നത്. ബോവസ്സ് രൂത്തിനെ കണ്ടു മുട്ടുമ്പോൾ പറയുന്നത് ഇപ്രകാരമാണ്. "നിന്റെ ഭർത്താവ് മരിച്ചശേഷം അമ്മായിയമ്മയ്ക്കു നീ ചെയ്തിരിക്കുന്നതും നിന്റെ അപ്പനേയും അമ്മയേയും സ്വദേശത്തേയും വിട്ട് മുമ്പെ അറിയാത്തജനത്തിന്റെ അടുക്കൽ വന്നിരിക്കുന്നതുമായ വിവരമൊക്കെയും ഞാൻ കേട്ടിരിക്കുന്നു. നിന്റെ പ്രവൃത്തിയ്ക്ക് യഹോവ പകരം നൽകട്ടെ. യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്ക് അവൻ പൂർണ്ണപ്രതിഫലം നൽകുമാറാകട്ടെ." (2:11,12) പ്രവൃത്തിക്കു തക്കവണ്ണം അവൾക്ക് പ്രതിഫലം കിട്ടി. കുടുംബജീവിതത്തിൽ ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെ വിജയം.

കുടുംബം സൗഖ്യം നൽകുന്ന ഒരു സമൂഹമാണ്. Therapeutic Community) ശരീരാത്മമനസ്സുകൾക്ക് അവിടെ സൗഖ്യവും ഓജസ്സും ലഭിക്കുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയും ഒരു ഡോക്ടറാണ്. ഓരോ വ്യക്തിയും ഒരു നേഴ്സുമാണ്. അവർ അന്യോന്യം ചികിത്സിക്കുന്നു. അന്യോന്യം ശുശ്രൂഷിക്കുന്നു. വേദന പങ്കുവയ്ക്കുന്നു. മുറിവുകളെ കെട്ടുന്നു. സൗഖ്യം കിട്ടുമ്പോൾ ഒന്നിച്ച് സന്തോഷിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്നു.


## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

RNI No. KERMAL/2012/46014 | Date of Publication 15-12-2015 | Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALY/0067/2013-2015 | Price Rs. 10/- | Licensed to Post Without Pre-payment



## യുവജനസംഗമവും ക്രിസ്മസ് സന്ധ്യയും ഹൈലോ അവാർഡ് ദാനവും

കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2015 ഡിസംബർ 27 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ മൂവാറ്റുപുഴ അരമന ഓഡിറ്റോറിയത്തിൽ യുവജനസംഗമവും ക്രിസ്മസ് സന്ധ്യയും ഹൈലോ അവാർഡ്ദാന ചടങ്ങും നടക്കും. 2 മണിക്ക് രജിസ്ട്രേഷനോടെ പരിപാടികൾക്ക് തുടക്കമാകും. പരിപാടികളുടെ ഉദ്ഘാടനം തൃശ്ശൂർ ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനി നിർവ്വഹിക്കും. OCYM കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ഓരോ വർഷവും സമൂഹത്തിന് മികച്ച സംഭാവന ചെയ്യുന്ന യുവാക്കളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് നൽകിവരുന്ന ഹൈലോ അവാർഡ് ഡെന്റ് കെയർ ഡന്റൽ ലാബ് മാനേജിംഗ് ഡയറക്ടർ ജോൺ കുര്യാക്കോസിന് അഭി. തിരുമേനി നൽകി ആദരിക്കും. തുടർന്ന് ഭദ്രാസന സെക്രട്ടറി ഫാ.എബ്രാഹം കുര്യാക്കോസ്, OCYM കേന്ദ്ര സെക്രട്ടറി കെ.വൈ. ബിജു, OCYMകേന്ദ്രകമ്മിറ്റി അംഗങ്ങളായ ബേസിൽ മാത്യു, ആശിഷ് മാത്യു ജോൺ എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കുകയും തുടർന്ന് വിവിധ ഇടവകകളിൽ നിന്ന് ഇലക്ട്രോണിക്സ് ഇൻസ്ട്രുമെന്റ് ഉപയോഗിച്ചുകൊണ്ടുള്ളതും ട്രഡീഷണൽ ഡ്രംസ് ഉപയോഗിച്ച്കൊണ്ടുള്ളതുമായ കാരൾഗാനങ്ങളുടെ പ്രത്യേകം പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കും. ഇതോടൊപ്പം ക്രിസ്മസ്പപ്പാ മത്സരവും ഉണ്ടായിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2 മണിക്ക് മുമ്പ് രജിസ്റ്റർ ചെയ്തിരിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

## സണ്ടേസ്കൂൾ വാർത്തകൾ

1. മലങ്കര ഓർത്തഡോക്സ് സഭയുടെ കൊച്ചി, അങ്കമാലി, കണ്ടനാട് (വെസ്റ്റ്) കണ്ടനാട് (ഈസ്റ്റ്) എന്നീ ഭദ്രാസനങ്ങളിലെ സണ്ടേസ്കൂൾ ഉൾക്കൊള്ളുന്ന നോർത്ത് സോൺ സഹപാഠ്യ മൽസരത്തിന് കണ്ടനാട് ഈസ്റ്റ് ഭദ്രാസനം ആഥിഥേയത്വം വഹിച്ചു. പാമ്പാക്കുട സമന്വയ സെന്ററിൽ വച്ച് നവംബർ 14-ാം തീയതി നടന്ന സഹപാഠ്യ മത്സരങ്ങൾ ഉന്നത നിലവാരം പുലർത്തി. വിജയികളായ എല്ലാവർക്കും ഭദ്രാസന സണ്ടേസ്കൂൾ കമ്മിറ്റിയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

2. സണ്ടേസ്കൂൾ പുതിയ അധ്യയനവർഷം 2016 ജനുവരി 3 ഞായറാഴ്ച ആരംഭിക്കും. ഇടവകയിലെ മുഴുവൻ കുട്ടികളേയും സണ്ടേസ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനും പഠനം മുടങ്ങിയിരിക്കുന്നവരെ സണ്ടേസ്കൂളിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ബന്ധപ്പെട്ടവരുടെ പ്രത്യേക ഉൽസാഹവും ശ്രദ്ധയും വേണ്ടിയിരിക്കുന്നു. അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികളുടെയും-മാതാപിതാക്കളുടെയും ഒരു യോഗം ഇടവകതോറും ക്രമീകരിക്കുന്നത് വളരെ നല്ലതായിരിക്കും. സണ്ടേസ്കൂൾ പഠനത്തിന്റെ ആവശ്യബോധം എല്ലാവരിലേക്കും കൊണ്ടുവരുന്നതിന് ഇത് കൂടുതൽ ഉപയുക്തമാകും.

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ സുവിശേഷം നമ്മുടെ കുഞ്ഞുങ്ങളിലേക്ക് എത്തിക്കുന്നതിന് വേണ്ടി സൺഡേസ്കൂൾ ശുശ്രൂഷയിൽ ആയിരിക്കുന്ന നാം എല്ലാവരും പുനർസമർപ്പണം ചെയ്യാം.

## മർത്തമറിയം വനിതാസമാജം ഏകദിന സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനം മാർത്തമറിയം വനിതാസമാജം ഏകദിന സമ്മേളനം 2015 ഡിസംബർ 19-ാം തീയതി ശനിയാഴ്ച പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ വച്ച് നടക്കും. സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം 'പ്രത്യാശയുള്ളവരായിരിക്കുക' (2 കോറി 4: 8-9, സങ്കീർത്തനം 121:2) എന്നതാണ്. അഭി. ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ആമുഖ സന്ദേശവും ശ്രീമതി ജിജി ജോൺസൺ ക്ലാസ്സും നയിക്കും. ഉച്ച നമസ്കാരത്തിനുശേഷം സമാജം അംഗങ്ങൾക്കായി കാരൾഗാന മത്സരം നടക്കും. അഖില മലങ്കര മർത്തമറിയം വനിതാസമാജം ക്രമീകരിച്ചിരിക്കുന്ന വൈദ്യസഹായധനം സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യും.

## ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റ് തുറന്നു

സന്തുല ട്രസ്റ്റ് ആശുപത്രിയിൽ എല്ലാ രോഗങ്ങൾക്കും ഹോമിയോ ചികിത്സ ആരംഭിച്ചു. എല്ലാ വ്യാഴാഴ്ചകളിലും രോഗികളെ പരിശോധിച്ച് ചികിത്സ നിർദ്ദേശിക്കുന്നതാണ്. സംസാരവൈകല്യമുള്ളവർക്കുവേണ്ടി സ്പീച്ച് തെറാപ്പിയും തുടങ്ങിയിട്ടുണ്ട്.

പുതിയ ഡിപ്പാർട്ടുമെന്റുകളുടെ ഉദ്ഘാടനം 2015 ഡിസംബർ 11 വെള്ളിയാഴ്ച ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സന്തുലയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് കൂത്താട്ടുകുളം മുനിസിപ്പൽ ചെയർമാൻ പ്രിൻസ് പോൾ ജോൺ നിർവ്വഹിച്ചു. വൈസ് ചെയർപേഴ്സൺ ഓമന ബേബിയും യോഗത്തിൽ സംസാരിച്ചു.

**ഡയോസിസൻ ബുക്ക് സെന്റർ**
**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ
എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha